## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *541 — 18.7.2008 ൽ മറുപടിക്ക്

# മലയോര ഹൈവേയുടെ രണ്ടാം ഘട്ട രൂപരേഖ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ. കെ. അജിത് :<br>ശ്രീ. കെ. രാജു :<br>ശ്രീ. എൻ. രാജൻ : | | ശ്രീ. മോൻസ് ജോസഫ്<br>(ബഹു: മരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മലയോരഹൈവേയുടെ രണ്ടാംഘട്ട രൂപരേഖ തയ്യാറായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു ഏജൻസിയാണ് രൂപരേഖ തയ്യാറാക്കിയതെന്ന് വെളിപ്പെടുത്തുമോ ; | (എ) | ഉണ്ട്. NATPAC ആണ് തയ്യാറാക്കിയത്. |
| (ബി) | ഈ രണ്ടാം ഘട്ടം ഏതുമുതൽ ഏതുവരെയാണെന്നും അതിന് എത്ര ദൈർഘ്യമുണ്ടെന്നും വ്യക്തമാക്കുമോ ; | (ബി) | രണ്ടാംഘട്ടം പാലക്കാട് ടൗണിൽ നിന്നും ആരംഭിച്ച് പാറശ്ശാലയിൽ അവസാനിക്കത്തക്ക രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന് ഉദ്ദേശം 627 കി.മീ. ദൈർഘ്യം ഉണ്ടായിരിക്കും. |
| (സി) | ഇതിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നാണ് ; ഇതുവരെ ഒന്നാംഘട്ടം എത്ര മാത്രം പൂർത്തീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ; | (സി) | 17.5.2005 ൽ ആണ് ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് ഒന്നാംഘട്ടത്തിൽ ആരംഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഓരോ ഘട്ടത്തിനും എത്ര തുക വീതം മാറ്റി വച്ചിട്ടുണ്ടെന്നും, ഓരോ ഘട്ടവും എത്ര കാലം കൊണ്ട് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (ഡി) | ഹിൽഹൈവേയുടെ ഒന്നാം ഘട്ടത്തിനും രണ്ടാംഘട്ടത്തിനുമായി പ്രത്യേക തുക ബഡ്ജറ്റിൽ മാറ്റിവച്ചിട്ടില്ല. ബഡ്ജറ്റിലുള്ള സ്റ്റേറ്റ് ഹൈവേയുടെ ഫണ്ട് ഉപയോഗിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മലയോര ഹൈവേയുടെ ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ

i) പൊൻപാറ - പിലാത്തോല - കാപ്പ്പറമ്പ് - തിരുവാഴാംകുന്ന് റോഡ് 0/00 മുതൽ 1/430 പ്രവൃത്തി പൂർത്തീകരിച്ചു.

ii) പറൻചാൻ - ചെമ്പേരി റോഡ് - 0/0 - മുതൽ 2/250

iii) ചെമ്പേരി - ചാലിപ്പറമ്പ് റോഡ് - 2/250 മുതൽ 5/900

iv) പൂപ്പറമ്പ് - വെമ്പായ പയ്യാവൂർ റോഡ് 5/950 മുതൽ 9/400

v) പയ്യാവൂർ ടൗൺ റോഡ് 9/400 മുതൽ 10/00 മേൽപ്പടി കണ്ണൂർ ജില്ലയിലെ പ്രവൃത്തികൾ പൂർത്തിയായി.

vi) മാനന്തവാടി - കൽപ്പറ്റ റോഡ് 19/500 മുതൽ 30/500 വരെ പൂർത്തീകരിച്ചു. (വയനാട് ജില്ല).

vii) വെമ്പുവ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 542**

**18.07.2008 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ ബാങ്കിംഗ് ഓംബുഡ്സ്മാൻ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എം.എം. മോനായി :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ.വി.ജെ. തങ്കപ്പൻ :<br>ശ്രീമതി. കെ.എസ്. സലീഖ :<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ ;** | | **ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി)** |
| സഹകരണ മേഖലയിൽ ബാങ്കിംഗ് ഓംബുഡ്സ്മാൻ സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ; | (എ) | സഹകരണ മേഖലയിൽ സഹകരണ ഓംബുഡ്സ്മാൻ സംവിധാനം മന്ത്രി സഭയുടെ അംഗീകാരത്തോടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ സംവിധാനം നിലവിൽ വരുന്നതോടുകൂടി സഹകരണ മേഖലയുമായി ബന്ധപ്പെട്ട ജന വിഭാഗങ്ങളുടെ വായ്പ, നിക്ഷേപം, പലിശ നിരക്ക് തുടങ്ങിയ ബാങ്കിംഗ് ഇടപാടുകളുമായി ബന്ധപ്പെട്ട പരാതികൾക്ക് സത്വര പരിഹാരം നൽകാൻ കഴിയുന്നതാണ്. |
| സഹകരണ ബാങ്കുകളുടെ പ്രവർത്തനം ഇതുമൂലം മെച്ചപ്പെടുത്താൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നുണ്ടോ ; | (ബി) | സഹകരണ മേഖലയുമായി ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ ബാങ്കിംഗ് ഇടപാടുകളുമായി ബന്ധപ്പെട്ട പരാതികൾക്ക് സത്വര പരിഹാരം കാണാൻകഴിയുന്നതും തദ്വാര സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയുന്നതുമാണ്. |
| സഹകരണ ബാങ്കുകളിലെ പലിശ നിരക്കിന്റെ ന്യായമായ ക്രമീകരണം ഉറപ്പുവരുത്തുന്നതിന് ഓംബുഡ്സ്മാനെ ചുമതലപ്പെടുത്തുമോ ? | (സി) | പലിശ നിരക്ക് നിശ്ചയിക്കുന്നതിന് പ്രത്യേക സംവിധാനമുണ്ട്. അങ്ങനെ നിശ്ചയിക്കുന്ന പലിശ നിരക്ക് പ്രകാരമാണോ സഹകരണ സംഘങ്ങൾപലിശ **ഈടാക്കുന്നതും നൽകുന്നതും എന്നതാണ് സഹകരണ ഓംബുഡ്സ്മാൻ സംവിധാനത്തിൽപരിശോധിക്കാൻ ഉദ്ദേശിക്കുന്നത്** |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.543 18/07/2008-ൽ മറുപടിക്ക്

## ഹയർസെക്കന്ററി തലത്തിലെ കരിക്കുലം പരിഷ്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ശ്രീ.കെ.ടി.ജലീൽ:<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഹയർസെക്കന്ററി തലത്തിലെ കരിക്കുലം പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപടി ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകൾക്കുള്ള കരിക്കുലം പുനഃസംഘടിപ്പിക്കുന്നതിനുള്ള കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007, കരിക്കുലം സ്റ്റീയറിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള സിലബസ്സ് രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് 1,3,5,7 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ 2008-09 അധ്യയനവർഷം നടപ്പാക്കിക്കഴിഞ്ഞു. ഹയർസെക്കണ്ടറി ഉൾപ്പെടെ മറ്റു ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. |
| (ബി) കരിക്കുലം പരിഷ്കരണത്തിന് പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; | (ബി) കരിക്കുലം പരിഷ്കരണത്തിനുവേണ്ടി ഒരു കോർ കമ്മിറ്റി രൂപീകരിച്ചിരുന്നു. കരിക്കുലത്തിന്റെ വിവിധ മേഖലകളിലെ പഠനത്തിനുവേണ്ടി 14 പൊസിഷൻ പേപ്പറുകൾ തയാറാക്കുന്നതിനായി 14 ഫോക്കസ് ഗ്രൂപ്പുകളും രൂപീകരിച്ചിരുന്നു. |

| | |
|---|---|
| (സി) പുതിയ കരിക്കുലത്തിന്റെ അടിസ്ഥാനത്തിലുള്ള പാഠപുസ്തകങ്ങൾ ഏതു വർഷം പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നത്. | (സി) പരിഷ്കരിച്ച കരിക്കുലത്തെ അടിസ്ഥാനമാക്കി ഒന്നാംഘട്ടമായി 1,3,5,7 ക്ലാസുകളിൽ പാഠപുസ്തകങ്ങൾ 2008-09 വർഷം നടപ്പിലാക്കി. ഹയർ സെക്കണ്ടറി ഉൾപ്പെടെയുള്ള മറ്റു ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഘട്ടങ്ങളായി പരിഷ്കരിച്ച് പുറത്തിറക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) കരിക്കുലം പരിഷ്കരണവുമായി ബന്ധപ്പെട്ട് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്-2005, കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 എന്നിവ അടിസ്ഥാനമാക്കി ഹയർ സെക്കണ്ടറി തലം വരെയുള്ള സിലബസ് ഗ്രിഡ് വിശദാംശങ്ങളോടെ തയാറാക്കുക.<br>സിലബസ് ഗ്രിഡിനെ അടിസ്ഥാനപ്പെടുത്തി ബാക്കിയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഘട്ടങ്ങളായി തയ്യാറാക്കുക.<br>തയാറാക്കിയ പാഠപുസ്തകങ്ങളുടെ ക്ലാസ് റൂം വിനിമയം പഠനത്തിന് വിധേയമാക്കിയശേഷം, പാഠപുസ്തകങ്ങൾ പരിഷ്കരിക്കുക. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *544</u> — <u>18.7.2008 ൽ മറുപടിക്ക്</u>

## പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. തോമസ് ചാഴികാടൻ : | ശ്രീ. മോൻസ് ജോസഫ്<br>(ബഹു: മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക്, ടാറുമായി ഉരുക്കി ചേർത്ത് റോഡ് നിർമ്മാണം പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ; | (എ) ഉണ്ട്. റോഡു നിർമ്മാണത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം പഞ്ചായത്തിൽപ്പെട്ട നരിക്കൽ - പുല്ലാന്നിവിള - ചാവടിമുക്ക് റോഡിൽ 500 മീറ്റർ നീളത്തിൽ നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പരീക്ഷണം വിജയകരമായിരുന്നോ ; | (ബി) 2006 ജനുവരിയിൽ നിർമ്മിച്ച പ്രസ്തുത റോഡിന് ഇതുവരെ കേടുപാടുകൾ സംഭവിച്ചിട്ടില്ല. ഇതിന്റെ ഗുണമേന്മ നിരീക്ഷിച്ചുവരികയാണ്. |
| (സി) ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള റോഡ് ടാറിംഗ് ഈടുറ്റതെങ്കിൽ എന്തുകൊണ്ടാണ് സംസ്ഥാന വ്യാപകമായി ഈ രീതി അവലംബിക്കാത്തത് ; | (സി) ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ഓരോ കി.മീ ഗ്രാമീണ റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിരീക്ഷണ ഘട്ടത്തിലുള്ള ഈ സാങ്കേതിക വിദ്യയുടെ ഗുണമേൻമ ഉറപ്പായതിന് ശേഷമേ സംസ്ഥാന വ്യാപകമായി ഉപയോഗിക്കാനാവുകയുള്ളു. |
| (ഡി) തമിഴ്നാട് സർക്കാർ ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള റോഡ് നിർമ്മാണം വിജയകരമായി പിന്തുടർന്നുവരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (ഡി) തമിഴ്നാട് സർക്കാരിന്റെ കീഴിലുള്ള ജില്ലാ ഗ്രാമീണ വികസന ഏജൻസി ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ചില ഗ്രാമീണ റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. |

(ഇ) പ്രസ്തുത സാങ്കേതിക വിദ്യയിലൂന്നിയ റോഡ് നിർമ്മാണം മൂലം ഈടുറ്റ റോഡും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കുകളുടെ നിർമ്മാർജ്ജനവും സാധ്യമാകുമെന്ന് കരുതുന്നുണ്ടോ ;

(എഫ്) നടപ്പു സാമ്പത്തിക വർഷം തന്നെ പ്രസ്തുത സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ റോഡ് നിർമ്മാണം ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

(ഇ) & (എഫ്)
വിശദമായ പഠനങ്ങൾക്ക് ശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവുകയുള്ളൂ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 545 — 18/07/2008-ൽ മറുപടിയ്ക്ക്

## സ്കൂൾ തലത്തിൽ പരിസ്ഥിതി സംരക്ഷണ സേന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എ.അസീസ്:<br>ശ്രീ.കോവൂർ കുഞ്ഞുമോൻ: | | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) | |
| എ) | സ്കൂൾ തലത്തിൽ പരിസ്ഥിതി സംരക്ഷണ സേന രൂപീകരിച്ചിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | ഉണ്ടെങ്കിൽ ഏതു തരത്തിലാണ്; ഏതെല്ലാം വിഭാഗം സ്കൂളുകളിലാണ് രൂപീകരിച്ചിട്ടുള്ളത്? | ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 546 — 18.07.2008 ൽ മറുപടിക്ക്

## വനം വകുപ്പിന്റെ തടി ഡിപ്പോകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. ബിനോയ് വിശ്വം<br>(ബഹു. വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) വനം വകുപ്പിന്റെ തടി ഡിപ്പോകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) വനം വകുപ്പിന്റെ തടി ഡിപ്പോകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) വനം ഡിപ്പോകളിലെ തടികൾ വിൽക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമം എന്താണ് ; | (ബി) സർക്കാർ ഗസറ്റിലും പത്രങ്ങളിലും പരസ്യം നൽകിയ ശേഷം പൊതു ദർഘാസ് / ലേലവും സർക്കാർ ഉത്തരവുകളനുസരിച്ച് എല്ലാ ഡിപ്പോകളിൽ നിന്നും തടിയുടെ ചില്ലറ വിൽപ്പനയും നടത്തി വരുന്നു. |
| (സി) ഇവയുടെ കമ്പോള വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ; | (സി) ഓരോ വർഷത്തേക്കും ഓരോ ഇനത്തിലും ക്ലാസ്സിലുംപെട്ട ഉൽപ്പന്നങ്ങൾക്ക് ഷെഡ്യൂൾ നിരക്കായി നിശ്ചയിച്ച വിലയും, നടത്തുന്ന ലേലത്തിന്റെ മുൻ മൂന്ന് ലേലങ്ങളിൽ ഇവയ്ക്ക് ലഭിച്ച ശരാശരി വിലയും താരതമ്യം ചെയ്ത് ഇവയിൽ ഏതാണ് കൂടുതൽ, ആയത് അടിസ്ഥാന കമ്പോള വിലയായി നിശ്ചയിക്കുന്നു. പുതിയ ഷെഡ്യൂൾ നിരക്ക് തയ്യാറാക്കുമ്പോൾ തൊട്ടടുത്ത 3 വർഷം ഓരോ ഇനത്തിലും ക്ലാസ്സിലുംപെട്ട തടികൾക്ക് ലഭിച്ച ശരാശരി വില കണക്കാക്കി ഇതിനോടു കൂടെ തടിയുടെ കാര്യത്തിൽ 10% വും |

കഴയുടെ കാര്യത്തിൽ 5% വും കൂട്ടി പുതിയ ഷെഡ്യൂൾ നിരക്ക് നിശ്ചയിക്കുന്നു. ഇപ്രകാരം കൂട്ടിയ ശേഷവും നിലവിലുള്ള ഷെഡ്യൂൾ നിരക്ക് പുതിയതായി കണക്കാക്കിയ നിരക്കിനേക്കാൾ കൂടുതലാണെങ്കിൽ നിലവിലുള്ള ഷെഡ്യൂൾ നിരക്ക് തന്നെ തുടർവർഷത്തേക്കുള്ള ഷെഡ്യൂൾ നിരക്കാക്കി കണക്കാക്കുന്നതാണ്.

(ഡി) മധ്യമേഖല വനം കൺസർവേറ്ററുടെ കീഴിലുള്ള മുടിക്കൽ ഡിപ്പോയിലെ ഈട്ടി തടികൾ ലേലം ചെയ്ത് വിൽക്കുന്നതിലെ കാലതാമസം എന്തെന്ന് പരിശോധിക്കുമോ ?

(ഡി) ഈട്ടി തടികൾക്ക് ന്യായമായ വില ഉറപ്പു വരുത്തുന്ന രീതിയിൽ ഇവ പതിവായി പൊതു ലേലത്തിൽ വച്ച് ലേലം നടത്തി വരുന്നുണ്ട്. ലേലത്തിൽ ന്യായമായ വില ലഭ്യമായില്ലെങ്കിൽ അവ നിയമാനുസൃതം കാലതാമസം കൂടാതെ പുനർലേലം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

(ഇ) തടിലേലം സംബന്ധിച്ച് വർത്തമാനപത്രത്തിൽ പരസ്യം നൽകാൻ നടപടി സ്വീകരിക്കുമോ ?

(ഇ) ചട്ടങ്ങളും ഉത്തരവുകളും അനുശാസിക്കുന്ന വിധത്തിലുള്ള പരസ്യങ്ങൾ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

## വനം വകുപ്പിന്റെ തടി ഡിപ്പോകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

1. സർക്കാർ താത്പര്യവും പൊതു താത്പര്യവും കൂടുതൽ സംരക്ഷിക്കുന്നതിനു വേണ്ടി പൊതു ദർഘാസ് / ലേല വ്യവസ്ഥകൾ പുതുക്കി സർക്കാർ ഗസറ്റ് നമ്പർ 26 ആയി 24.6.2008 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
2. പൊതുദർഘാസ് /ലേല വ്യവസ്ഥകൾ കൂടുതൽ സുതാര്യമാക്കിയിട്ടുണ്ട്.
3. തെരഞ്ഞെടുത്ത തടി ഡിപ്പോകളിൽ ആരംഭിച്ച ഗാർഹിക ആവശ്യങ്ങൾക്കുള്ള ചില്ലറ തടി വിൽപ്പന, ഇപ്പോൾ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 36/2008/വനം-വന്യജീവി തീയതി 16.6.2008 അനുസരിച്ച് കേരള വനം വകുപ്പിന്റെ എല്ലാ തടി ഡിപ്പോകളിലും നടപ്പിലാക്കാനും മൊത്തം ലഭിക്കുന്ന തടിയുടെ 25% ഇപ്രകാരം വിൽക്കുവാനും ഉത്തരവായിട്ടുണ്ട്.
4. ലേലതീയതി, തടിയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ, അളവ് എന്നിവ അടങ്ങുന്ന വിശദവിവരങ്ങൾ പൊതുജനങ്ങൾക്ക് ലേലദിവസത്തിന് 7 ദിവസം മുമ്പ് ലഭ്യമാക്കുന്നതിന് കേരള വനം വകുപ്പിന്റെ www.keralaforest.org എന്ന ഔദ്യോഗിക വെബ്സൈറ്റിൽ വിവരം നൽകി വരുന്നുണ്ട്.
5. ലേലത്തിൽ വിറ്റുപോയ തടികളുടെ വിവരം, വില എന്നിവ ലേലദിവസം തന്നെ വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്.
6. തടിയുടെ ലഭ്യത അനുസരിച്ച് എല്ലാ ഡിപ്പോകളിലും, മാസംതോറും പൊതു ദർഘാസ് / ലേല വിൽപ്പനയും, ചില്ലറ വിൽപ്പനയും നടത്തുന്നതിന് നടപടി എടുത്തിട്ടുണ്ട്.
7. തടിലേലം സംബന്ധിച്ച വിശദ വിവരങ്ങൾ സർക്കാർ ഗസറ്റിലും, പത്രങ്ങളിലും പരസ്യം ചെയ്യുന്നുണ്ട്. കൂടാതെ ലേലം സംബന്ധിച്ച വിവരങ്ങൾ പ്രാദേശികമായി ഡിപ്പോകളിലും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിലും, ഫോറസ്റ്റ് റെയിഞ്ച് ഓഫീസുകളിലും നോട്ടീസ് മുഖേന പരസ്യം ചെയ്യുന്നുണ്ട്.
8. ലേലത്തിൽ വിൽക്കാനുദ്ദേശിക്കുന്ന തടികളുടെ വിശദവിവരം അടങ്ങിയ ലിസ്റ്റ് ലേല ദിവസം പേജ് ഒന്നിന് ഒരു രൂപ നിരക്കിൽ ലേലക്കാർക്ക് ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
9. ലേലസ്ഥിരീകരണം 30 ദിവസത്തിനുള്ളിൽ നൽകുവാനും ഇത് സംബന്ധിച്ച വിവരം വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.
10. ലേലംകൊണ്ട ഉൽപ്പന്നത്തിന്റെ മൊത്തവിലയുടെ 35% വരുന്ന തുകയിൽ ലേല ദിവസം അടച്ച ഒരു ലക്ഷം രൂപ കിഴിച്ച് ബാക്കി വരുന്ന തുക ലേല ദിവസം മുതൽ 7 പ്രവർത്തിദിവസത്തിനകം അടയ്ക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.
11. പണം അടച്ച് തടി നീക്കം ചെയ്യുന്നതിനുള്ള സൗജന്യ കാലാവധിയായ 40 ദിവസത്തിനു ശേഷം ലേല വ്യവസ്ഥ അനുസരിച്ചുള്ള പിഴയും പിഴപ്പലിശയും ഈടാക്കി ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കാലാവധി 30 ദിവസത്തേക്കു കൂടി നീട്ടി കൊടുക്കുന്നതിന് ഡിപ്പോ ഓഫീസർക്ക് / റെയിഞ്ചാഫീസർക്ക് അധികാരം നൽകി അധികാര വികേന്ദ്രീകരണം നടത്തിയിട്ടുണ്ട്.

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 547 — 18.7.2008 ൽ മറുപടിക്ക്

### സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്. രാജേന്ദ്രൻ:<br>ശ്രീ.എ.എം. യൂസഫ്:<br>ശ്രീ.കെ.സി. രാജഗോപാലൻ:<br>ശ്രീ. എ.സി.മൊയ്തീൻ:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ: | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) ഈ സർക്കാർ അധികാരമേറ്റെടുത്തതിനെ തുടർന്ന് തന്നെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി 2006-ൽ കേരളപ്പിറവിയുടെ 50-ാം വാർഷികവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ കർമ്മ പരിപാടി ആവിഷ്കരിക്കുകയുണ്ടായി. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും, നിക്ഷേപം സമാഹരിക്കുന്നതിനും, കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനും സഹകരണ പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ ബോധവൽക്കരിക്കുന്നതിനുമായി ഭവന സന്ദർശനം നടത്തുകയും ചെയ്തുകൊണ്ട് 2006 നവംബർ 1 മുതൽ 3 വരെ കാലയളവിൽ സഹകരണ നിക്ഷേപം കേരളീയം പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിലൂടെ 1260.90 കോടി രൂപ അധികമായി സ്വരൂപിക്കാനും 854247 കുടുംബങ്ങളിൽ സന്ദർശനം നടത്താനും കഴിഞ്ഞു. മാത്രമല്ല ടി കാലയളവിൽ 11197 സെമിനാറുകൾ സഹകരണ മേഖലയിൽ നടത്തുകയും ആയത് മേഖലയെ കൂടുതൽ ചൈതന്യവത്താക്കുകയും ചെയ്തു. |

ചിക്കൻ ഗുനിയയെ പോലുള്ള പകർച്ച വ്യാധികൾ ബാധിച്ച പ്രദേശങ്ങളിൽ സഹകരണ സ്ഥാപനങ്ങൾ രോഗ പ്രതിരോധത്തിന് സഹായകരമാകുന്ന വിധത്തിൽ സഹായങ്ങൾ നൽകുകയും 13.23 ലക്ഷം രൂപ അപ്രകാരം, ടി പ്രദേശങ്ങളിൽ ചിലവഴിക്കുകയും ചെയ്തു.

സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും സംഘങ്ങളുടെ ഗുണഫലങ്ങൾ സമസ്തമേഖലയിലും പരമാവധി ജനങ്ങളിലേക്കെത്തിക്കുന്നതിനുമായി 2007–08 ധനാഭ്യർത്ഥന ചർച്ചാവേളയിൽ ''സഹകരണ നവരത്നം കേരളീയം'' എന്ന ഒൻപതിന കർമ്മ പരിപാടി നിയമസഭയിൽ പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കി വരികയുമാണ്. ടി ഒൻപതിന കർമ്മ പരിപാടിയിലെ ഒന്നാമത്തെ ഇനമായ ''സഹകരണ നിക്ഷേപം കേരളീയം'' പരിപാടി എല്ലാവർഷവും നവംബർ 1 മുതൽ 30 വരെ നടപ്പിൽ വരുത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പരമ്പരാഗതമായി എല്ലാ വർഷവും മാർച്ച് മാസം നടത്തുന്ന നിക്ഷേപ സമാഹരണ യജ്ഞത്തിന് പുറമേയാണിത് നടപ്പിലാക്കുന്നത്. 2007 നവംബർ 1 മുതൽ 30 വരെ 2000 കോടി രൂപാ അധിക നിക്ഷേപമായി സമാഹരിക്കുവാൻ ലക്ഷ്യമിട്ടിരുന്ന ഈ പരിപാടിയിലൂടെ 2906 കോടി രൂപാ അധികമായി സമാഹരിച്ചു. ഇതിലൂടെ 12189 കോടി രൂപാ പുതിയ നിക്ഷേപമായി വിവിധ ജില്ലകളിലൂടെ സമാഹരിക്കുവാനും കഴിഞ്ഞു. പരമ്പരാഗതമായി മാർച്ച് മാസം 1 മുതൽ ഏപ്രിൽ 15 വരെ നടത്തിയ നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ 2332 കോടി രൂപാ അധിക നിക്ഷേപമായി സമാഹരിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ കുടിശ്ശിക കുറച്ചുകൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ 2008 ഫെബ്രുവരി 1 മുതൽ 28 വരെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ''കുടിശ്ശിക ശതശതമാനം കേരളീയം'' എന്ന പദ്ധതി സഹകാരികളുടേയും സംഘാംഗങ്ങളുടേയും ആവേശകരമായ സ്വീകരണം കണക്കിലെടുത്ത് മാർച്ച് 31 വരെ ദീർഘിപ്പിച്ചു. തുടർന്ന് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ കുട്ടനാട് താലൂക്കുകളിൽ വേനൽമഴമൂലം നഷ്ടം സംഭവിച്ച

കർഷകർക്കായി ഈ പദ്ധതി 2008 ഏപ്രിൽ 30 വരെ ദീർഘിപ്പിച്ചു. ഈ പദ്ധതി നടപ്പാക്കിയതിലൂടെ 5515 കോടി രൂപാ നിഷ്ക്രിയ ആസ്തി കണക്കാക്കിയതിൽ 1290.19 കോടി രൂപാ പിരിച്ചെടുക്കുവാനും 333079 വായ്പകാർക്ക് 98.59 കോടി രൂപായുടെ ഇളവ് അനുവദിക്കാനും കഴിഞ്ഞിട്ടുണ്ട്.

"സഹകരണ വിപണനം കേരളീയം" പദ്ധതി പ്രകാരം 2007 ലെ ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് നൽകുന്നതിനായി 2007 ജൂലൈ 25 മുതൽ സെപ്തംബർ 5 വരെ സഹകരണ വകുപ്പിന്റെ മാർക്കറ്റുകളിലൂടെയും ത്രിവേണി സ്റ്റോറുകളോടനുബന്ധിച്ച് 65 പ്രത്യേക മാർക്കറ്റുകളിലൂടെ ആകെ 1642 ഓണചന്തകൾ നടത്തുകയുണ്ടായി. 13 ഇനം സാധനങ്ങൾ സബ്സിഡിയോടുകൂടിയും ആകെ 31 ഇനങ്ങൾ വിൽപന നടത്തിയതിലൂടെ 23% വിലക്കുറവ് ഉപഭോക്താവിന് നൽകാൻ കഴിഞ്ഞു. ഇതിലൂടെ ആകെ 27 കോടി രൂപയുടെ വിൽപനയാണ് നടത്തിയിട്ടുള്ളത്. ഒക്ടോബർ 1 മുതൽ 13 വരെ നടത്തിയ റംസാൻ ചന്തകളിൽ പ്രാഥമിക സംഘങ്ങളുടെ 822 ചന്തകളിലൂടെയും കൺസ്യൂമർ ഫെഡറേഷന്റെ 65 കേന്ദ്രങ്ങളിലൂടെയും 9.25 കോടി രൂപായുടെ വിൽപ്പന നടത്തി. ഡിസംബർ 15 മുതൽ 31 വരെ നടത്തിയ 916 ക്രിസ്തുമസ്, ബക്രീദ് ചന്തകളിലൂടെ 4.59 കോടി രൂപയുടെ വിൽപ്പന നടത്തി. സംസ്ഥാനത്ത് പൊതു വിപണിയിൽ അരിയുടെ വില ക്രമാതീതമായി ഉയർന്നതിനെ തുടർന്ന് അരിവില നിയന്ത്രിക്കുന്നതിനായി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡറേഷൻ മുഖേന ഡിസംബർ 12 മുതൽ ജനുവരി 20 വരെ 3689 ന്യായ വില അരി ചന്തകൾ നടത്തുകയുണ്ടായി. പച്ചരി കിലോ 13.50 നും മറ്റ് അരികൾ 14 രൂപായ്ക്കും വിൽപന നടത്തിയ ടി ചന്തകളിലൂടെ 20007 ടൺ അരി വിറ്റഴിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2008 ഏപ്രിൽ 7 മുതൽ 17 വരെ നടത്തിയ 1534 വിഷുചന്തകളിലൂടെ 23 ഇനം നിത്യോപയോഗ സാധനങ്ങൾ വിൽപന നടത്തിയിരുന്നു. അരി ക്ഷാമവും അരിവിലയുടെ വർദ്ധനയും കണക്കിലെടുത്ത് ബംഗാളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് അരി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുകയും ബംഗാളിൽ ബർദ്വാൻ ജില്ലയിൽ നിന്നും

ആദ്യ പടിയായി 05–06–2008 ന് 42 വാഗണുകളിലായി എറണാകുളത്ത് എത്തിച്ച് 2476 ടൺ ഐ.ആർ. 36 എന്ന ഇനം അരി 06–06–2008 മുതൽ 18–06–2008 വരെ വിറ്റഴിച്ചു. ഇതിലൂടെ സംസ്ഥാനത്തെ അരി വില കിലോയ്ക്ക് 4 രൂപാവരെ കുറയാൻ സഹായിച്ചിട്ടുണ്ട്. സഹകരണ വിപണനം കേരളീയം പദ്ധതി നടപ്പാക്കിയതിലൂടെ പൊതു വിപണിയിൽ 15% മുതൽ 20% വരെ വിലകുറയ്ക്കാൻ വ്യപാരികൾ നിർബന്ധിതരായിട്ടുണ്ട്.

സഹകരണ കാർഷികം കേരളീയം പദ്ധതി പ്രകാരം അന്യം നിന്നു പോകുന്ന നെൽകൃഷി പരിപോഷിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും 4% നിരക്കിൽ 10000 രൂപാ വരെ നെൽകൃഷിക്കും കുറഞ്ഞ പലിശ നിരക്കിൽ പച്ചക്കറികൃഷിയ്ക്ക് വായ്പ നൽകുവാനും ലക്ഷ്യമിട്ടിരുന്നു. പാലക്കാട് ജില്ലയിൽ 0% പലിശ നിരക്കിൽ നെൽകൃഷി വായ്പ നൽകുന്നുണ്ട്. ഇതിനു പുറമേ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ കുട്ടനാടൻ മേഖലയിലും തൃശൂർ ജില്ലയിലെ കോൾ നിലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല നെല്ല്, പച്ചക്കറി, വാഴകൃഷി, മരച്ചീനി എന്നിവയ്ക്ക് സംസ്ഥാനത്തൊട്ടാകെ 4% പലിശ നിരക്കിൽ വായ്പ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽകൃഷിക്കായി കുറഞ്ഞ പലിശ നിരക്കിൽ/പലിശയില്ലാതെ ആകെ 99.86 ലക്ഷം രൂപായും പച്ചക്കറി കൃഷിക്ക് 4% നിരക്കിൽ ആകെ 5822.03 ലക്ഷം രൂപായും 31–03–2008 വരെ വിതരണം ചെയ്തിട്ടുണ്ട്.

സഹകരണ വിദ്യാഭ്യാസം കേരളീയം പദ്ധതി പ്രകാരം 140 അസംബ്ലി മണ്ഡലങ്ങളിൽ ഓരോ സഹകരണ പ്രൊഫഷണൽ കോളേജുകൾ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ CAPE ന്റെ ആഭിമുഖ്യത്തിൽ ഒരു എഞ്ചിനീയറിംഗ് കോളേജ്, ബിസിനസ്സ് സ്കൂൾ, ഫിനിഷിംഗ് സ്കൂൾ എന്നിവയും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

സഹകരണ ആരോഗ്യം കേരളീയം പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ 71 സർക്കാർ ആശുപത്രികളോടനുബന്ധിച്ച് ക്ലിനിക്കൽ ലാബ് ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സഹകരണ സാമൂഹ്യം കേരളീയം പദ്ധതി പ്രകാരം ഓരോ സഹകരണ സ്ഥാപനത്തിലും ഒരു ലൈബ്രറി എന്ന ആശയം നടപ്പിൽ വരുത്തുന്നതിനായി സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരവരുടെ കഴിവിനനുസരിച്ച് ഓരോ ലൈബ്രറി ആരംഭിക്കുവാനും തുടക്കമെന്ന നിലയിൽ 2007 വർഷം ലൈബ്രറികൾക്ക് ആവശ്യമായ പുസ്തകങ്ങൾ സാഹിത്യപ്രവർത്തക സഹകരണ സംഘത്തിൽ നിന്നും വാങ്ങുവാനും നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 2062 സഹകരണ ലൈബ്രറികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

സഹകരണ അഴിമതി നിവാരണം കേരളീയം പദ്ധതി പ്രകാരം സഹകരണ മേഖല അഴിമതി വിമുക്തമാക്കുന്നതിനായി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് വിജിലൻസ് ഓഫീസറായും ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകൾ മേഖലകളായി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, സർക്കിൾ ഇൻസ്പെക്ടർ ഓഫ് വിജിലൻസ്, 12 പോലീസ് കോൺസ്റ്റബിൾമാർ എന്നിവരുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിന്റെ തസ്തികയിൽ കുറയാത്ത അല്ലെങ്കിൽ ഐ.എ.എസ് ആയ ഒരാളെ ആഡിറ്റ് ഡയറക്ടറായി നിയമിച്ച് ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

സഹകരണ പ്രചാരണം കേരളീയം പദ്ധതി പ്രകാരം സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും അദാലത്തുകൾ സംഘടിപ്പിച്ചു. ഇതിലൂടെ 7338 പരാതി/നിവേദനങ്ങളിൽ 6135 പരാതി/നിവേദനങ്ങൾ തീർപ്പു കൽപ്പിച്ചു. 83.60 ശതമാനം നേട്ടമാണ് ഇതിലൂടെ കൈവരിച്ചത്.

കർഷക ആത്മഹത്യ ഇല്ലാതാക്കാൻ വയനാട്, കാസർഗോഡ്, പാലക്കാട്, ജില്ലകൾക്കായി പ്രത്യേക പാക്കേജ് (വിദർഭ പാക്കേജ്) കേന്ദ്രഗവൺമെന്റ് സഹകരണത്തോടെ നടപ്പിലാക്കി ഇവിടെ 176500 വായ്പകളിലായി 112.15 കോടി രൂപയുടെ പലിശ ഇതിനകം എഴുതിതള്ളിയിട്ടുണ്ട്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31-03-2007 വരെ ദീർഘിപ്പിച്ചു. ഇതിലൂടെ 200 കോടിയോളം രൂപയുടെ പലിശ ഇളവ് അംഗങ്ങൾക്ക് നൽകാൻ കഴിഞ്ഞു.

ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക വായ്പകൾ എഴുതി തള്ളാൻ തീരുമാനിച്ചു. അതനുസരിച്ച് 629 വായ്പകളിലായി 1.70 കോടി രൂപ എഴുതി തള്ളി. ഈ ബാദ്ധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടന്ന അഴിമതി സംബന്ധിച്ച് പരാതികൾ പരിശോധിക്കുന്നതിന് ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ അദ്ധ്യക്ഷനായി ജില്ലാ തല മോണിറ്ററിംഗ് ആന്റ് റിവ്യൂകമ്മിറ്റിയും രൂപീകരിച്ചു. സംസ്ഥാന തലത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചു.

സഹകരണ മേഖല ഊർജ്ജസ്വലമാക്കുന്നതിനും ചൈതന്യവത്താക്കുന്നതിനും കൂടുതൽ വ്യാപിപ്പിക്കുന്നതിനുമായി 3000 ൽ അധികം പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് 6 -ാം സഹകരണ കോൺഗ്രസ്സ് 2007 ഒക്ടോബർ 26, 27, 28 തീയതികളിൽ എറണാകുളത്ത് വച്ച് നടന്നു. സർക്കാരിന്റെ പ്രവർത്തനം മൂലം കേരളത്തിലെ സഹകരണ മേഖലയുടെ പ്രവർത്തനം കൂടുതൽ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം മേഖലകളിൽ പുതുതായി സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട് ?

ബി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പ്രാഥമിക കാർഷിക വായ്പാ, എംപ്ലോയീസ് ക്രഡിറ്റ്, ലേബർ കോൺട്രാക്റ്റ്, വനിതാ, സ്കൂൾ കോളേജ്, ഭവന നിർമ്മാണം, പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗം, മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ്, ആശുപത്രി, കൺസ്യൂമർ, വിദ്യാഭ്യാസം, വിവിധോദ്ദേശ്യം റൂറൽ, ട്രാവൽ ആന്റ് ടൂറിസം, പ്രിന്റിംഗ്, ട്രാൻസ്പോർട്ട്, മറ്റിതര വിഭാഗം എന്നീ മേഖലകളിൽ പുതുതായി സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയോട് കൂടി ആലപ്പുഴ ജില്ലയിലെ പുന്നപ്ര ആസ്ഥാനമാക്കി മംഗല്യ സൂത്ര സഹകരണ സംഘവും പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി തിരുവനന്തപുരം ആസ്ഥാനമാക്കി സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണസംഘവും സിനിമാ ടിവി മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന സാങ്കേതിക പ്രവർത്തകരുടേയും അഭിനേതാക്കളുടേയും ഉന്നമനത്തിനായി എറണാകുളം ആസ്ഥാനമാക്കി മലയാളം സിനി ടെക്നീഷ്യൻസ് സഹകരണസംഘവും രൂപീകരിച്ചിട്ടുണ്ട്.

സി) പ്രവർത്തനം മന്ദീഭവിച്ച സഹകരണസംഘങ്ങളെ പുനഃരുജ്ജീവിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ. എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

സി) പ്രവർത്തനം മന്ദീഭവിച്ചതും എന്നാൽ പ്രവർത്തനം മെച്ചപ്പെടുത്താൻ സാദ്ധ്യതയുള്ളതുമായ സഹകരണസ്ഥാപനങ്ങളെ പുനഃരുദ്ധരിക്കുന്നതിന് 13-03-1995 ലെ ജി.ഒ(എം.എസ്)41/95 സഹ. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച പദ്ധതി പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾക്ക് ധന സഹായം നൽകി വരുന്നുണ്ട്. സംഘം തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്റ്റിന്റെ 20% ഓഹരിയായും 25% വായ്പയായും സബ്സിഡിയായും 20 ശതമാനവും അപ്രകാരം ആകെ 65% പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നുണ്ട്.

ഇതിനു പുറമേ ഓരോ മേഖലയിലുള്ള സഹകരണസംഘങ്ങളുടെ പുനഃരുദ്ധാരണത്തിന് പ്രത്യേകം പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. 2008-09 സാമ്പത്തിക വർഷം സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളേയും മറ്റു ദുർബല വിഭാഗസഹകരണസംഘങ്ങളേയും പുനഃരുദ്ധരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

Rajendran

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 548 — 18.7.2008 ൽ മറുപടിക്ക്.

## സാംസ്കാരിക കാര്യ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീമതി. കെ. എസ്. സലീഖ

**മറുപടി**

ശ്രീ. എം.എ. ബേബി
വിദ്യാഭ്യാസവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി.

(എ) സാംസ്കാരിക കാര്യ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കപ്പെട്ടതോടെ ഡയറക്ടറേറ്റിൽ നിന്നും 21 സ്ഥാപനങ്ങൾക്ക് കൃത്യമായും ഗ്രാന്റ് നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2007 -08 ൽ മാത്രം 781 പേർക്ക് കൂടുതലായി കലാകാരപെൻഷൻ അനുവദിക്കുകയും തുക 550/- ആയി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആകെ 1978 പേർക്ക് പെൻഷൻ നൽകുന്നുണ്ട്. 2007-08 ൽ ചികിത്സാധനസഹായം നൽകാൻ 2 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമുണ്ടായിരുന്നത് 2008-09 ൽ 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ വർഷം പദ്ധതി വിഹിതം ഒരു കോടിയിൽ നിന്നും രണ്ടു കോടിയായി വർദ്ധിപ്പിച്ചു. സംഗീത നാടക അക്കാദമിക്ക് 20 ലക്ഷത്തിൽ നിന്നും 35 ലക്ഷമായും, ഫോക്‌ലോർ അക്കാദമിക്ക് 12 ലക്ഷത്തിൽ നിന്ന് 20 ലക്ഷമായും, ചരിത്ര ഗവേഷണ കൗൺസിലിന് 25 ലക്ഷത്തിൽ നിന്നും 1.5 കോടിയായും, സാഹിത്യ അക്കാദമിക്ക് 25 ലക്ഷത്തിൽ നിന്നും 35 ലക്ഷമായും, ചലച്ചിത്ര വികസന കോർപ്പറേഷന് 15 ലക്ഷത്തിൽ നിന്നും 35 ലക്ഷമായും, ചലച്ചിത്ര അക്കാദമിക്ക് 30 ലക്ഷത്തിൽ നിന്നും 1 കോടി 15 ലക്ഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കഴിഞ്ഞ വർഷ

ഏകദേശം 14.8 കോടി രൂപയായിരുന്നത് ഇപ്പോൾ 29 കോടിയായി ഉയർത്തിയിട്ടുണ്ട്. ഈ വർഷം പുതിയ സ്ഥാപനങ്ങളായ അക്കാദമി ഓഫ് മാജിക്കൽ സയൻസ്, വൈക്കം മുഹമ്മദ് ബഷീർ സ്മാരകം, ലാറി ബേക്കർ സ്റ്റഡി സെന്റർ, ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഈസ്തെറ്റിക്സ് എന്നിവ രൂപീകരിക്കുന്നതിനും നിലവിലുള്ള ചില സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായി 4.20 കോടി രൂപയുടെ അധികസഹായവും ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അക്കാദമികളുടെയും ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും പ്രവർത്തനം വളരെ കാര്യക്ഷമമായി നടന്നു വരുന്നു. കുറഞ്ഞത് 3 മാസത്തിലൊരിക്കൽ ബഹു: മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എല്ലാ സ്ഥാപനങ്ങളുടെയും ഭാരവാഹികളെ വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ വിലയിരുത്തുകയും, മെച്ചപ്പെടുത്താൻ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. തിരുനല്ലൂർ കരുണാകരൻ സ്മാരക സമിതി, കടമ്മനിട്ട കാവ്യ ശില്പ സമുച്ചയ സമിതി, പാർത്ഥിസുബ്ബ യക്ഷഗാന കലാക്ഷേത്രം, ഗുരു ചെങ്ങന്നൂർ സ്മാരകം എന്നീ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുള്ളൽ അക്കാദമി, തകഴി സ്മാരകം എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

(ബി) കലാമണ്ഡലത്തെ കല്പിത സർവ്വകലാശാലയാക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; ഇവിടെ എന്തെല്ലാം കോഴ്സുകളാണ് പുതുതായി ആരംഭിച്ചത്;

(ബി) കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയാക്കി യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ തുടർ നടപടിയായി കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ 10.3.2008 ലെ ജി.ഒ.(എം.എസ്)14/2008/സി.എ.ഡി പ്രകാരം സർക്കാർ അംഗീകരിച്ചു. ആയതിന് യു.ജി.സി അംഗീകാരം ലഭിച്ചു കഴിഞ്ഞു. കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം എന്നീ വിഷയങ്ങളിൽ ബിരുദാനന്തര കോഴ്സുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. കൂടാതെ നൃത്തം, സംഗീതം, തീയേറ്റർ എന്നിവയിൽ എം.ഫിൽ കോഴ്സുകളും പാർട്ട് ടൈം പി.എച്ച്.ഡി കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്.

(സി) സംഗീത നാടക അക്കാദമി പുതുതായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(സി) കേരള സംഗീത നാടക അക്കാദമി വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ കലാകാരന്മാരെ പങ്കെടുപ്പിച്ച് ഒക്ടോബർ 08 ഉം കുട്ടികളുടെ ദേശീയ നാടകോത്സവവും ശില്പശാലയും സംഘടിപ്പിച്ചു. റിപ്പർട്ടറി നാടക സംഘം രൂപീകരിച്ചു. അക്കാദമിയുടെ തിയേറ്റർ നവീകരിച്ചു. കേളി മാസിക പുതുമകളോടെ പ്രസിദ്ധീകരിച്ചു.

(ഡി) സാഹിത്യ അക്കാദമി ലൈബ്രറിയുടെ നവീകരണം പൂർത്തിയായിട്ടുണ്ടോ; ഗവേഷകർക്കും ഭാഷാ സ്നേഹികൾക്കും ഇതു മൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്;

(ഡി) സാഹിത്യ അക്കാദമി ലൈബ്രറി നവീകരണം ഒന്നാം ഘട്ടം പൂർത്തീകരിച്ചു. എല്ലാ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഡിജിറ്റൽ കൺസർവേഷൻ ലാബ് അക്കാദമി ലൈബ്രറിയിൽ സെറ്റ് ചെയ്തു. അക്കാദമി ഡിജിറ്റൽ ലൈബ്രറിയുടെ പ്രവർത്തനം 2008 മെയ് 27 മുതൽ ആരംഭിച്ചു. അക്കാദമി ഡിജിറ്റൽ ലൈബ്രറിയിൽ നിന്നും മലയാളത്തിലെ മുഴുവൻ പുസ്തകങ്ങളെക്കുറിച്ചും സാഹിത്യകാരന്മാരെക്കുറിച്ചും ഗവേഷകർക്കും ഭാഷാസ്നേഹികൾക്കും ഞൊടിയിടയിൽ വിവരം ലഭ്യമാക്കുന്നു. ഡിജിറ്റലൈസ് ചെയ്ത 100 വർഷം പഴക്കമുള്ള ആനുകാലികങ്ങളും അക്കാദമി പ്രസിദ്ധീകരണമായ സാഹിത്യ ചക്രവാളം മാസികയും അക്കാദമി വെബ് സൈറ്റിലൂടെ ലഭ്യമാക്കുന്നു.

(ഇ) സാംസ്കാരിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

(ഇ) 2003 ൽ വിഭാവന ചെയ്ത് കേരള കലാമണ്ഡലത്തിൽ നടപ്പാക്കിയ സാംസ്കാരിക ടൂറിസം പദ്ധതിയാണ് 'ഗുരുക്കൻമാരോടൊപ്പം ഒരു ദിവസം'. കലാമണ്ഡലം സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്കും വിദേശികൾക്കും കലകളുടെ പഠനരീതികൾ ഗൈഡുകളുടെ സഹായത്തോടെ വിശദീകരിക്കുകയും കൂത്തമ്പലം, ആർട്ട് ഗ്യാലറി, കളരികൾ എന്നിവയെപ്പറ്റി വിശദമായി പറഞ്ഞു കൊടുക്കുകയും ചെയ്യുന്ന ഈ പദ്ധതി വൻ വിജയമാണ്. നിരവധി ടൂർ ഓപ്പറേറ്റർമാർ ഒറ്റയ്ക്കും സംഘമായും യാത്രക്കാരും വിദേശികളെ കലാമണ്ഡലത്തിലെത്തിക്കുന്നു. കലാമണ്ഡലത്തിന് ഇത് ഒരു വരുമാനമാർഗ്ഗം കൂടിയാണ്. കൂടാതെ സാംസ്കാരിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ നിരവധി പരിപാടികൾ ടൂറിസം വകുപ്പ്

നടത്തി വരുന്നുണ്ട്. എല്ലാ വർഷവും ജനുവരിയിൽ തിരുവനന്തപുരത്ത് നടത്തി വരുന്ന നിശാഗന്ധി ഫെസ്റ്റിവലിൽ ഇന്ത്യയിലെ മികച്ച കലാകാരൻമാർ പങ്കെടുത്തു വരുന്നു. കഴിഞ്ഞ വർഷം ഉത്സവം എന്ന പേരിൽ നാടോടി അനുഷ്ഠാന - ക്ലാസ്സിക്കൽ കലാരൂപങ്ങളെ ഉൾപ്പെടുത്തി പതിനാലു ജില്ലകളിൽ നവംബർ മുതൽ മാർച്ച് വരെ നടത്തിയ പരിപാടിയും സാംസ്കാരിക ടൂറിസം പ്രോത്സാഹനം ലക്ഷ്യമാക്കിയിട്ടുള്ളതായിരുന്നു. കേരള ടൂറിസം നടത്തുന്ന റോഡ് ഷോകളിലെല്ലാം തന്നെ കേരളത്തിലെ കലാരൂപങ്ങൾക്ക് അർഹമായ പരിഗണന നൽകി വരുന്നു. കേരളത്തിലുടനീളം ഓണക്കാലത്ത് നടത്തുന്ന ഓണാഘോഷ പരിപാടിയിലൂടെയും സാംസ്കാരിക ടൂറിസം പ്രോത്സാഹനം സാദ്ധ്യമാകുന്നുണ്ട്. ഇത് കൂടാതെ കേരളീയ കലകളെ സംബന്ധിച്ച നിരവധി ബ്രോഷറുകളും സി.ഡി കളും പ്രസിദ്ധീകരിക്കുകയും, വിദേശരാജ്യങ്ങളുൾപ്പെടെയുള്ള സ്ഥലങ്ങളിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്. എല്ലാ സാംസ്കാരിക സ്ഥാപനങ്ങളും വർഷം തോറും നടത്തി വരുന്ന പരിപാടികൾ കൂടി ചേർത്ത് സാംസ്കാരിക കലണ്ടർ പുറത്തിറക്കാൻ ലക്ഷ്യമിടുന്നു. സാംസ്കാരിക സ്ഥാപനങ്ങളുടെ വിവരം ഉൾക്കൊള്ളിച്ചുള്ള കൈപ്പുസ്തകം ഉടനെ പുറത്തിറക്കും.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 549** — **18.7.2008 ൽ മറുപടിക്ക്.**

**മ്യൂസിയം-മൃഗശാല കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. ശിവൻകുട്ടി**<br>**പ്രൊഫ.സി. രവീന്ദ്രനാഥ്**<br>**ശ്രീ. മുരളി പെരുനെല്ലി**<br>**ശ്രീമതി.ജെ. അരുന്ധതി**<br>**ശ്രീ. ആർ. സെൽവരാജ്** | **ശ്രീ.എം.എ.ബേബി**<br>**വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി.** |
| (എ) മ്യൂസിയം-മൃഗശാലാ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) കേന്ദ്ര മൃഗശാല അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം മൃഗങ്ങളുടെ പരിപാലനത്തിനു ഒരു സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. ശ്രീചിത്രാ ആർട്ട് ഗ്യാലറിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നേപ്പിയർ മ്യൂസിയത്തിന്റെയും ശ്രീചിത്രാ ആർട്ട് ഗ്യാലറിയുടെയും കെട്ടിടങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. കണ്ണൂരിൽ ഒരു ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിനു സാധ്യത പരിശോധിച്ച് വരുന്നു. കോഴിക്കോടു മ്യൂസിയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു ഉപദേശക സമിതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് |
| (ബി) തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (ബി) തിരുവനന്തപുരം മൃഗശാലയിൽ വിവിധ ഇനത്തിലുള്ള കുരങ്ങൻമാർ, കരടികൾ, ചീങ്കണ്ണികൾ, ഉരഗങ്ങൾ എന്നിവയ്ക്കും നീർനായ്, സിംഹം, ആന, കാണ്ടാമൃഗം എന്നിവയ്ക്കും കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ ധനസഹായത്തോടെ തുറന്ന കൂടുകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ജിറാഫ്, നീർക്കുതിര, വരയൻ കുതിര, ഒട്ടകപക്ഷി, എമു എന്നിവ വിദേശ വംശജരായതിനാൽ ഇവക്ക് തുറന്ന കൂടുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ ധനസഹായം ലഭിക്കുകയില്ലാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് ഇവയ്ക്കെല്ലാം അനുയോജ്യമായ തുറന്ന പരിബന്ധനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ വെള്ളക്കടുവ |

| | | | |
|---|---|---|---|
| | | | കൾ, മയിലുകൾ, വിവിധയിനം തത്തകൾ എന്നിവയ്ക്കുള്ള ആവാസസ്ഥലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| (സി) | മൃഗങ്ങളുടെ ആരോഗ്യ പരിപാലനത്തിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുമോ; | (സി) | നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | മൃഗശാലയിലേയ്ക്ക് പുതുതായി ഏതെല്ലാം മൃഗങ്ങളെ വാങ്ങാനാണുദ്ദേശിക്കുന്നത്; | (ഡി) | വെള്ളക്കടുവകൾ, വരയാടുകൾ, പാതിരി കുരങ്ങുകൾ, ചിമ്പാൻസി, വരയൻകുതിരകൾ, നീർനായ, ജിറാഫ്, തീവിഴുങ്ങി പക്ഷികൾ, വിവിധയിനം തത്തകൾ, ഈലാൻഡ് എന്നിവ വാങ്ങുന്നതിന് ലക്ഷ്യമിടുന്നു. |
| (ഇ) | തിരുവനന്തപുരം മൃഗശാലയ്ക്ക് ഒരു ഉപകേന്ദ്രം നിർമ്മിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (ഇ) | തിരുവനന്തപുരം നഗരപരിധിയ്ക്ക് പുറത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (എഫ്) | തൃശ്ശൂർ മൃഗശാല മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | (എഫ്) | കേന്ദ്ര മൃഗശാലാ അതോറിറ്റി നിർദ്ദേശിച്ച പ്രകാരം പുത്തൂരിൽ 124 ഹെക്ടർ വനഭൂമി കണ്ടെത്തുകയുണ്ടായി. വനഭൂമി വിട്ടുതരുന്നതിന് പകരം വനവൽക്കരണത്തിനായി ഏകദേശം 10 കോടി രൂപയും 124 ഹെക്ടർ റവന്യൂ ഭൂമിയും നൽകണമെന്ന് വനംവകുപ്പ് ആവശ്യപ്പെട്ടതിനാൽ റവന്യൂ വകുപ്പ് ദേവികുളം താലൂക്കിൽ കീഴാന്തൂർ വില്ലേജിൽപ്പെട്ട റവന്യൂ ഭൂമി വനം വകുപ്പിന് കൈമാറാനായി കണ്ടെത്തുകയും ആയതിന്റെ പ്ലാനും സ്കെച്ചും മറ്റു വിശദാംശങ്ങളും പരിശോധിക്കുകയും ചെയ്തു വരുന്നു. ഇതിനായി രൂപീകരിച്ച വിദഗ്ധ സമിതി അംഗങ്ങൾ പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും, വിശദമായ പ്രാഥമിക പഠനം നടത്തുകയും ചെയ്തു. മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. |
| (ജി) | മൃഗശാലകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകുമോ ? | (ജി) | മൃഗശാലയിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 550 | 18.07.2008 ൽ മറുപടിക്ക്

ചന്ദനക്കാടുകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. കെ. രാജു<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. കെ. അജിത്<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ. ബിനോയ് വിശ്വം<br>(ബഹു. വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ചന്ദനക്കാടുകളുടെ സംരക്ഷണത്തിനായി ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ ; | (എ) ചന്ദനക്കാടുകളുടെ സംരക്ഷണത്തിനായി ചന്ദനമരങ്ങൾ കൂടുതലുള്ള സ്ഥലങ്ങളിൽ കൂടുതൽ ജീവനക്കാരെ ഏർപ്പെടുത്തിയും വനസംരക്ഷണ സമിതികളുടെ പ്രവർത്തനങ്ങളിലൂടെ ജനപങ്കാളിത്തം ഉറപ്പു വരുത്തിയും ചന്ദന സംരക്ഷണം ഫലപ്രദമായി നടപ്പിലാക്കി വരുന്നു.<br>കൂടാതെ സംസ്ഥാനത്തെ ഏക ചന്ദന റിസർവ്വ് സ്ഥിതി ചെയ്യുന്ന മറയൂരിൽ ചന്ദനക്കാടുകളുടെ സംരക്ഷണത്തിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ചന്ദന മാഫിയകളെ അമർച്ച ചെയ്യുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ ; | (ബി) ചന്ദന മാഫിയകളെ കണ്ടെത്തുന്നതിന് ഊർജ്ജിതമായ രഹസ്യാന്വേഷണം നടത്തി വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. നിരവധി ചന്ദന മോഷണ കേസ്സിൽ പ്രതിയായിരുന്ന ചന്ദന മാഫിയ തലവനായ നാമക്കൽ മസ്ദാൻ എന്ന അപര നാമത്തിൽ അറിയപ്പെടുന്ന മുത്തുസ്വാമിയെ തമിഴ്നാട്ടിൽ വച്ചും ചന്ദന മോഷ്ടാക്കളായ ആഷിക്ബാബു, നാസർ എന്നിവരെ ആന്ധ്രാപ്രദേശിലെ ബസ്നപ്പള്ളി എന്ന സ്ഥലത്ത് വച്ചും പിടികൂടി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചന്ദനമോഷണം സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ 391 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| | മുൻവർഷങ്ങളിലെ കേസ്സുകൾ ഉൾപ്പെടെ ഇതുവരെ 480 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ പ്രവർത്തനം നിർത്തി വയ്പിച്ച 23 ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല എന്ന് നിരന്തര പരിശോധന നടത്തി ഉറപ്പാക്കുന്നുണ്ട്. ഇതു കൂടാതെ ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കുകയും സംശയാസ്പദമായ സ്ഥലങ്ങളിൽ റെയ്ഡു നടത്തുകയും ചെയ്യുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരുമായി നിരന്തര സമ്പർക്കം പുലർത്തി അവരുമായി സഹകരിച്ച് ചന്ദന സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കി. ഇതിന്റെ ഫലമായി ചന്ദന മോഷണം ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) വനം വകുപ്പ് അവസാനമായി ചന്ദനലേലം നടത്തിയതെന്നാണ് ; ഇപ്പോൾ ചന്ദനം സ്റ്റോക്കുണ്ടോ ; ഉണ്ടെങ്കിൽ അത് വിറ്റഴിക്കാൻ പദ്ധതിയുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (സി) വനം വകുപ്പ് അവസാനമായി ചന്ദനലേലം നടത്തിയത് 8.6.2005 ലാണ്. ഇപ്പോൾ 45.666 മെട്രിക് ടൺ ചന്ദനം സ്റ്റോക്കുണ്ട്. ഇത് ലേലത്തിൽ വിൽക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മറയൂരിൽ ചന്ദനക്കാടുകളുടെ സംരക്ഷണത്തിനായി കൈക്കൊണ്ട നടപടികൾ

1 മറയൂർ ചന്ദന ഡിവിഷനിൽ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കൂടാതെ 79 വന സംരക്ഷണ ജീവനക്കാരെയും 14 ഓഫീസ് ജീവനക്കാരെയും ദിവസവേതന അടിസ്ഥാനത്തിൽ 120 പേരെയും ചന്ദന സംരക്ഷണത്തിനുവേണ്ടി നിയോഗിച്ചിട്ടുണ്ട്.

2 സംരക്ഷണ വിഭാഗം ജീവനക്കാർക്ക് കൂടുതൽ ആയുധങ്ങളും വാർത്താ വിനിമയ സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

3 ചന്ദന റിസർവ്വുകളെ ചെറിയ യൂണിറ്റുകളായി തിരിച്ച് സ്റ്റാഫിന്റെ നേതൃത്വത്തിൽ പ്രൊട്ടക്ഷൻ മസ്ദൂർമാരുടെ സഹായത്തോടെ രാത്രിയും പകലും നിരന്തരമായി പട്രോളിംഗ് നടത്തുന്നുണ്ട്.

4 ചന്ദന റിസർവ്വ് ചെറിയ ബ്ളോക്കു കളായി തിരിച്ച് ഉദ്ദേശം 21 കിലോ മീറ്റർ ഫെൻസിങ് നടത്തി. ബാക്കി സ്ഥലത്ത് ഫെൻസിങ് നടപടികൾ തുടർന്നു വരുന്നു.

5 24 വനസംരക്ഷണ സമിതികൾ രൂപീകരിച്ച് ചന്ദന സംരക്ഷണത്തിന് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തി.

6 വനം വകുപ്പു മന്ത്രി നിരവധി തവണ മറയൂർ സന്ദർശിക്കുകയും ഉദ്യോഗസ്ഥരുമായി നേരിട്ട് ചർച്ച നടത്തുകയും തുടർന്ന് മറയൂർ ചന്ദന കേസ്സുകൾ സംബന്ധിച്ച് സർക്കാരിൽ ദൈനംദിന റിപ്പോർട്ട് ലഭ്യമാക്കുക വഴി ഉന്നത തലത്തിൽ മോണിറ്ററിംഗ് നടപ്പിലാക്കി.

7 എല്ലാ രാഷ്ട്രീയ പാർട്ടികളെയും ബഹുജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 28.8.2006 ൽ മറയൂരിൽ ചന്ദന സംരക്ഷണ കൺവൻഷൻ നടത്തി. അതിനോടൊപ്പം കാൽനട ജാഥകളും വാഹനജാഥകളും സംഘടിപ്പിച്ചു.

8 പോലീസ്-വനം വകുപ്പ് ജീവനക്കാരുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി വനം വകുപ്പു മന്ത്രി യോഗം വിളിച്ചു കൂട്ടുകയും ആയതിന്റെ വെളിച്ചത്തിൽ രണ്ട് ഡിപ്പാർട്ട്മെന്റിലെയും ഓഫീസർമാർ ഇടയ്ക്കിടെ യോഗം ചേരുകയും സംയുക്ത പട്രോളിംഗ് നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്തു വരുന്നു.

9 ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മന്ത്രിമാരുടെയും ഉന്നത വനം ഉദ്യോഗസ്ഥൻമാരുടെയും യോഗം സംഘടിപ്പിച്ച് അന്തർ സംസ്ഥാന തലത്തിൽ ചന്ദന മോഷണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുമൂലം ചന്ദന സംരക്ഷണ പ്രവർത്തനങ്ങളിലും പ്രതികളെ അറസ്റ്റു ചെയ്യുന്നതിലും തമിഴ്നാട് വനം വകുപ്പ് ഉദ്യോഗസ്ഥർ വേണ്ട സഹായ സഹകരണങ്ങൾ നൽകി വരുന്നു.

10 സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി) 419/2006/വനം-വന്യജീവി തീയതി 13.10.2006 പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (വിജിലൻസ്) നേതൃത്വത്തിൽ ഒരു ചന്ദന മോണിറ്ററിംഗ് സെല്ലിന് രൂപം നൽകി.

11 സംസ്ഥാനത്തൊട്ടാകെ പ്രവർത്തനം നിർത്തി വയ്പിച്ച 23 ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല എന്ന് നിരന്തര പരിശോധന നടത്തി ഉറപ്പാക്കിയിട്ടുണ്ട്.

12 മറയൂരിലെ ഒരു ചന്ദന കേസ് സി.ബി.ഐ. യെ കൊണ്ട് അന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിച്ചു.

13 ഒന്നിൽ കൂടുതൽ ചന്ദന കേസുകളിൽ പ്രതികളായവരെ ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതിന് പോലീസ് അധികാരികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

14 വനം വകുപ്പിലെ ദ്രുതകർമ്മ സേനയുടെ സേവനവും ഇപ്പോൾ മറയൂർ ചന്ദന സംരക്ഷണത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

15.മറയൂരിലെ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് താമസിക്കുന്നതിനായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും അവർക്ക് പ്രത്യേക അലവൻസുകൾ നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു കഴിഞ്ഞു.

പന്ത്രണ്ടാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 551 — 18.7.2008 ൽ മറുപടിക്ക്

## കാർഷിക വായ്പയുടെ അനുപാതം വർദ്ധിപ്പിക്കുന്നതിന് നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ:<br>ശ്രീ.സി.കെ.പി. പത്മനാഭൻ:<br>ശ്രീ. ജോർജ്ജ് എം. തോമസ്:<br>ശ്രീ.എസ്. രാജേന്ദ്രൻ:<br>ശ്രീ.എം.ജെ. ജേക്കബ്: | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സഹകരണ സ്ഥാപനങ്ങളിൽ കാർഷിക വായ്പയുടെ അനുപാതം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ വകുപ്പ് മുഖേന കാർഷികമേഖലയുടെ ഉണർവ്വിനും അഭിവൃദ്ധിക്കുമായി സ്വീകരിച്ച നടപടികളും, ഏറ്റെടുത്തു നടപ്പിലാക്കിയ പദ്ധതികളും, പരിപാടികളും പൊതുവെ സഹകരണ സ്ഥാപനങ്ങളിൽ കാർഷിക വായ്പയുടെ അനുപാതം വർദ്ധിപ്പിക്കുന്നതിന് സഹായകരമായി ഭവിക്കുന്നതാണ്. കാർഷിക വായ്പയുടെ പലിശ കുറച്ചതോടൊപ്പം തന്നെ കാർഷിക വായ്പയുടെ ദുരുപയോഗം തടയുന്നതിനും, കർശനമായ നടപടികൾ സ്വീകരിച്ചു. കാർഷിക വായ്പകൾ കൂടുതൽ നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ കർശന നിർദ്ദേശം പുറപ്പെടുവിക്കുകയും, തദ്വാരാ കാർഷിക വായ്പ നൽകുന്ന സഹകരണ സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മാത്രമല്ല നബാർഡിൽ നിന്നും പുനർവായ്പ ഇനത്തിൽ കൂടുതൽ തുക ലഭ്യമാക്കുന്നതിനും അതിന്റെ ഫലമായി കൂടുതൽ തുകകൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. 06/2008-ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് 2008-09 വർഷത്തെ കാർഷിക വായ്പാ വിതരണം സംബന്ധിച്ച് വിഷയം ചർച്ച ചെയ്യുകയും സഹകരണ |

സ്ഥാപനങ്ങളിൽ കാർഷിക വായ്പയുടെ അനുപാതം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ശ്രമമാരംഭിച്ചിട്ടുണ്ട്. കാർഷിക വായ്പകൾക്ക് കർഷകരിൽ നിന്നും ഈടാക്കുന്ന പലിശ നിരക്കും വിവിധ തട്ടുകളിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് ഈടാക്കുന്ന പലിശ നിരക്കും സംബന്ധിച്ച് നിശ്ചയിക്കുകയും ഇതിനാവശ്യമായ വകുപ്പ്തല നിർദ്ദേശങ്ങൾ ഇതിനോടകം പുറപ്പെടുവിക്കുകയും, നബാർഡ് പുനർ വായ്പക്കുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല സംസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വന്നിരുന്ന 0% പലിശ നിരക്കിൽ നെൽകൃഷിക്കുള്ള വായ്പ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കുട്ടനാടൻ പ്രദേശങ്ങളിലും, തൃശൂർ കോൾ പ്രദേശങ്ങളിലും കൂടി വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2008-09 വർഷം മുതൽ നെല്ല്, പച്ചക്കറി, മരച്ചീനി, വാഴകൃഷി എന്നിവയ്ക്ക് 4% പലിശ നിരക്കിൽ കാർഷിക വായ്പ നൽകുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും സുഗമമായും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ആയത് കാർഷിക വായ്പാ വിതരണം ത്വരിതപ്പെടുത്തുന്നതിനും സഹകരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്ന യഥാർത്ഥ കാർഷിക വായ്പയുടെ അനുപാതം വർദ്ധിപ്പിക്കുന്നതിനും ഇട വരുത്തിയിട്ടുണ്ട്. ഇത് കാർഷിക മേഖലയിൽ കൂടുതൽ പുരോഗതിയും നേട്ടവും ഇക്കാര്യത്തിൽ ഉണ്ടാക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

ബി) ഇപ്പോൾ എത്ര കോടി രൂപയാണ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും കാർഷികാവശ്യങ്ങൾക്കു വായ്പയായി വിതരണം ചെയ്തിട്ടുള്ളത്;

(ബി) 2007-08 വർഷത്തിൽ 1813.56 കോടി രൂപ കാർഷിക വായ്പകളായി വിതരണം ചെയ്തിട്ടുണ്ട്. 31.3.2008-ലെ സ്ഥിതി പ്രകാരം സംസ്ഥാനത്ത് സഹകരണ മേഖലയിൽ 2936.14 കോടി രൂപയുടെ കാർഷിക വായ്പ ബാക്കി നിൽപ്പുള്ളതായാണ് കണക്കാക്കിയിട്ടുള്ളത്.

സി) ഓരോ വർഷവും 5,000 കോടി രൂപയെങ്കിലും കാർഷിക വായ്പ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കാർഷിക മേഖല അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. കർഷകർക്ക് ആവശ്യമായ കാർഷിക വായ്പ കുറഞ്ഞ നിരക്കിലും, സുഗമ

മായും ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം. ഇതിന് നില നിന്നിരുന്ന തടസ്സങ്ങൾ മാറ്റിക്കൊണ്ട് കാർഷിക വായ്പാ വിതരണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പാലക്കാട്, എറണാകുളം, കോട്ടയം ജില്ലകൾക്ക് വിവിധ കാരണങ്ങളാൽ നബാർഡ് പുനർ വായ്പ ലഭ്യമാക്കിയിരുന്നില്ല. സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽ മൂലം വായ്പാ വിതരണത്തിൽ നബാർഡ് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം എടുത്തു മാറ്റുകയുണ്ടായി. സഹകരണ സ്ഥാപനങ്ങൾ സ്വന്തം ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന കാർഷിക വായ്പാ വിഹിതത്തിന് 2% പലിശ ഇളവ് (ഇന്ററസ്റ്റ് സബ്‌വെൻഷൻ) ലഭ്യമാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 25,000/- രൂപ വരെയുള്ള കാർഷിക വായ്പകൾ 8.5% പലിശ നിരക്കിലും, അതിനുമുകളിൽ 9% പലിശ നിരക്കിലുമാണ് വിതരണം ചെയ്തിരുന്നത്. ഇപ്പോൾ നെല്ല്, പച്ചക്കറി, വാഴ, കപ്പ എന്നീ വിളകൾക്കുള്ള കാർഷിക വായ്പകൾ 4% പലിശ നിരക്കിലും മറ്റ് വിളകൾക്കുള്ള വായ്പകൾ 7% പലിശ നിരക്കിലും വിതരണം ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 7% പലിശ നിരക്കിൽ സ്വർണ്ണത്തിന്റെ ഈടിൻമേൽ കാർഷിക വായ്പ വിതരണം ചെയ്തു വരുന്നു. നെൽകൃഷിക്കായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വന്നിരുന്ന പലിശ രഹിത വായ്പാ പദ്ധതി തൃശൂർ കോൾ പ്രദേശങ്ങളിലും, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കുട്ടനാടൻ മേഖലയിലും വ്യാപിപ്പിച്ചു കൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട. ഇപ്പോൾ ടി പലിശ രഹിത വായ്പാ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഈ രംഗത്ത ഇതിനോടകം സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ കാർഷിക മേഖലയിൽ പുത്തൻ ഉണർവ് പകരുന്നതിനിടയാക്കിയിട്ടുണ്ട്. കൂടാതെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, വിപുലപ്പെടുത്തുന്നതിനും വേണ്ടിയുള്ള പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ അതിനു വേണ്ട സാമ്പത്തിക സഹായം ചെയ്യുന്നതിന് സഹകരണ വകുപ്പ് തയ്യാറാണ്. ഇത്തരം സാഹചര്യങ്ങൾ കണക്കിലെടു

ക്കുമ്പോൾ കാർഷിക വായ്പാ വിതരണത്തിൽ കൂടുതൽ നേട്ടവും പുരോഗതിയും കൈവരിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഓരോ വർഷവും 5000 കോടി രൂപയെങ്കിലും കാർഷിക വായ്പാ വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് സർക്കാർ ലക്ഷ്യമാക്കിയിട്ടുള്ളത്.

ഡി) കാർഷിക വായ്പകൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) കർഷകർക്ക് സുഗമമായും കുറഞ്ഞ നിരക്കിൽ ലളിതമായ നടപടികളിലൂടെ ആവശ്യമായ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. നിലവിലുള്ള കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ എല്ലാ കർഷകരെയും ഉൾപ്പെടുത്തുന്നതിന് കഴിയുമോ എന്ന് പരിശോധിച്ച് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. ഇതിലൂടെ ഓരോ വിളവ് ഇറക്കുമ്പോഴും ആവശ്യാനുസരണം പരിധിക്കു വിധേയമായി കർഷകർക്ക് അക്കൗണ്ടുകളിൽ നിന്നും തുക പിൻവലിക്കുന്നതിനും കർഷകർക്ക് സാധിക്കുന്നതാണ്. കൂടാതെ മൂന്ന് വർഷത്തിലൊരിക്കൽ മാത്രം വായ്പ പുതുക്കുകയോ, പരിധി വർദ്ധിപ്പിക്കുകയോ ചെയ്യാവുന്നതാണ്. 7% പലിശ നിരക്കിൽ തന്നെ കർഷകർക്ക് സ്വർണ്ണ പണയ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്നതിന് ഇതിനോടകം നിർദ്ദേശം നൽകി കഴിഞ്ഞു. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി തീരുമാനിക്കുന്ന വായ്പാ തോതിനു വിധേയമായാണ് കാർഷിക വായ്പകൾ നൽകി വരുന്നത്. ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്ത് വായ്പാ തോതിനു വിധേയമായി വായ്പകളുടെ ഈട്, ജാമ്യ വ്യവസ്ഥകൾ, വാല്യുവേഷൻ വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കേണ്ടതാണെന്ന് ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

Rajendran

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -552 18.7.2008 ൽ മറുപടിക്ക്**

**റോഡുകൾ കുറുകെ കടക്കാൻ സംവിധാനം**

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ വാഹനത്തിരക്കേറിയ റോഡുകൾ കുറുകെ കടക്കാൻ കാൽനട യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കാൽനട യാത്രക്കാർക്ക് മാത്രമായി തിരക്കേറിയ ജംഗ്ഷനുകളിൽ ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;<br>(സി) കേരളത്തിൽ എവിടെയെങ്കിലും കാൽനട യാത്രക്കാർക്കു മാത്രമായി 'പെഡസ്ട്രിയൻ അണ്ടർ പാസ്സുകൾ' നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) & (സി) തിരക്കേറിയ ജംഗ്ഷനുകളിൽ കാൽ നട യാത്രക്കാർക്ക്‌വേണ്ടി ഓവർ ബ്രിഡ്ജുകളും അണ്ടർപാസുകളും നിർമ്മിക്കുന്നതിനായി ആവശ്യമായ ഫണ്ടും സ്ഥലവും ലഭിയ്ക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ *553 — 18.7.08- ൽ മറുപടിയ്ക്ക്

## സുരക്ഷാ ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.കെ. പുരുഷോത്തമൻ :<br>ശ്രീ.ബി.രാഘവൻ :<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി :<br>ശ്രീമതി.ജെ.അരുന്ധതി :<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ : | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) ദുർബലവിഭാഗങ്ങൾക്കായി ഭവന നിർമ്മാണ ബോർഡ് നടപ്പാക്കുന്ന സുരക്ഷാ ഭവന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | എ) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) പദ്ധതി അനുസരിച്ച് സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്ക് സ്ഥലംവാങ്ങി വീടുവച്ചു നൽകേണ്ട ചുമതല ആർക്കാണ് ; | ബി) പദ്ധതി അനുസരിച്ച് സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്ക് സ്ഥലം വാങ്ങി വീടുവച്ചു നൽകേണ്ട ചുമതല ഭവന നിർമ്മാണം സ്പോൺസർ ചെയ്യുന്നവർക്കാണ്. |
| സി) ഈ പദ്ധതി പ്രകാരം ഭവന നിർമ്മാണ ബോർഡ് ഉപഭോക്താവിന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; സബ്സിഡി തുക വർദ്ധിപ്പിച്ചിട്ടു നൽകിയിട്ടുണ്ടോ ; | സി) സുരക്ഷാ ഭവന പദ്ധതി പ്രകാരം വീടു നിർമ്മാണം കുരമട്ടമാകുമ്പോൾ ഭവന നിർമ്മാണ ബോർഡ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് ശേഷം സർക്കാർ സബ്സിഡിയായ 25,000/- രൂപ ഗുണഭോക്താക്കൾക്ക് ചെക്ക് മുഖേന വിതരണം ചെയ്യുന്നു. 6.11.07 ലെ സർക്കാർ ഉത്തരവു പ്രകാരം സബ്സിഡി തുക 9,000/- രൂപയിൽ നിന്ന് 25,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി) കഴിഞ്ഞവർഷം ഈ പദ്ധതി അനുസരിച്ച് എത്ര വീടുകൾ നിർമ്മിച്ചു ; ഈ വർഷം എത്രവീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ? | ഡി) കഴിഞ്ഞ വർഷം (1.4.07 മുതൽ 31.3.08 വരെ) സുരക്ഷാ പദ്ധതി പ്രകാരം 913 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ വർഷം1599 വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

21.3.05 ലെ എം.എസ് നമ്പർ 9/2005/ഭവനം നമ്പർ സർക്കാർ ഉത്തരവു പ്രകാരം ദുർബലവിഭാഗത്തിൽപ്പെട്ട വീടില്ലാത്ത പാവപ്പെട്ടവർക്കു വീടു വച്ചു നൽകുന്ന സുരക്ഷാ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും പദ്ധതി നടത്തിപ്പിലേയ്ക്കായി 5 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. ഈ ഭവന പദ്ധതി അനുസരിച്ച് ഒരു വീടിന്റെ നിർമ്മാണ ചെലവ് 36,000/- രൂപ (ഭൂമി വില ഉൾപ്പെടെ) യായിട്ടാണ് കണക്കാക്കിയിരുന്നത്. സർക്കാർ സബ്സിഡി 9000/- രൂപയായിരുന്നു.

എന്നാൽ ഒരു വീടിന്റെ നിർമ്മാണ ചെലവ് 36,000/- രൂപ എന്നത് അപര്യാപ്തമായതിനാൽ പദ്ധതിയോട് പൊതുജനങ്ങൾക്കും സംഘടനകൾക്കും തണുത്ത പ്രതികരണമായിരുന്നു. ആയതിനാൽ കുറഞ്ഞത് 2 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള വീടില്ലാത്ത പാവപ്പെട്ടവർക്ക് 30ച.മീ.റ്റർ വിസ്തീർണ്ണമുള്ള വീടൊന്നിന് 1,00,000/- രൂപ നിർമ്മാണ ചെലവ് കണക്കാക്കി വീട്‌വച്ചു നൽകുന്ന പുതുക്കിയ സുരക്ഷാ പദ്ധതിയ്ക്ക് 6.11.07 ലെ സ.ഉ.(എം.എസ്) നമ്പർ 35/2007/ഭവനം എന്ന ഉത്തരവു പ്രകാരം സർക്കാർ അംഗീകാരം നൽകുകയുണ്ടായി. ടി പദ്ധതി പ്രകാരം വീടിന്റെ നിർമ്മാണ ചെലവിന്റെ 25% അല്ലെങ്കിൽ പരമവധി 25,000/- രൂപ ഏതാണോ കുറവ്, സർക്കാർ ധനസഹായമായി നൽകുന്നതാണ്. ടി തുക ഭവന നിർമ്മാണ ബോർഡിന് കൈമാറുകയും ഓരോ വീടിന്റെയും നിർമ്മാണം കുരമട്ടമാകുമ്പോൾ ബോർഡ് ഗുണഭോക്താവിന് സബ്സിഡി വിതരണം ചെയ്യുന്നതുമാണ്.

പുതുക്കിയ പദ്ധതി പ്രകാരം ഒരു വീടിന്റെ സാമ്പത്തിക ഘടന ഇപ്രകാരമാണ്.

| | |
|---|---|
| ഗുണഭോക്താവിന്റെ വിഹിതം | 5000 രൂപ+20% അടങ്കൽ തുക അല്ലെങ്കിൽ 20,000 രൂപയ്ക്കു തുല്യമായ വോളന്ററി ലേബർ ഏതാണോ കുറവ് അത് |
| സന്നദ്ധ സംഘടയുടെ വിഹിതം | 50,000 രൂപ അല്ലെങ്കിൽ അടങ്കലിന്റെ 50% തുക ഏതാണോ കുറവ് (ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കെ.എസ്.എച്ച്.ബിക്കോ സർക്കാരിനോ ബാദ്ധ്യതയില്ലാതെ തുക സമാഹരിക്കാവുന്നതാണ്.) |
| സർക്കാർ സബ്സിഡി | 25,000/- രൂപ അല്ലെങ്കിൽ അടങ്കലിന്റെ 25% തുക ഏതാണോ കുറവ് |
| ആകെ | 1,00,000/- |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 554

18/7/2008 - ൽ
മറുപടിയ്ക്ക്

പ്രൊഫഷണൽ കോളേജുകളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനായി വിദ്യാഭ്യാസ നിധി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. മുരളി എം.എൽ. എ.<br>ശ്രീ. എ. എ. വാഹിദ് എം.എൽ. എ.<br>ശ്രീ. ജി. കാർത്തികേയൻ എം.എൽ.എ | | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി വിഭാവനചെയ്ത് വിദ്യാഭ്യാസ നിധി രൂപീകരിച്ചിട്ടുണ്ടോ; | (എ) | രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉടൻ പൂർത്തീകരിക്കുന്നതാണ്. |
| (ബി) | ഈ നിധിയിലേക്ക് ഇതുവരെ എന്തു തുക സ്വരൂപിക്കാനായി എന്ന് വെളിപ്പെടുത്തുമോ; | (ബി) | ബജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഈ നിധിയിൽ നിന്നും ഇതുവരെ എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കിയെന്നും ഇതിനായി ഇതുവരെ എന്തു തുക ചെലവിട്ടുവെന്നും വ്യക്തമാക്കുമോ? | (സി) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: * 555. 18.07.2008-ൽ മറുപടിക്ക്

## സർക്കാർ, എയിഡഡ്, പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |

---

| | |
|---|---|
| എ) സംസ്ഥാനത്തെ സർക്കാർ, എയിഡഡ് പ്രൈമറി സ്കൂളുകളിലെ വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യം എന്നിവയുടെ വികസനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ; | എ) • വിദ്യാഭ്യാസ മേഖലയുടെ മൊത്തത്തിലുള്ള വികസനത്തിന് ഊന്നൽ നൽകി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ, അദ്ധ്യാപനത്തിന്റെയും പഠനത്തിന്റെയും മേന്മ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി 11-ാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കണമെന്ന് 14-5-07-ലെ ജി. ഒ. (എം. എസ്) 128/2007/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>• ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സർക്കാർ സ്കൂളുകളിൽ മാത്രമേ നടപ്പിലാക്കാൻ അനുവദിച്ചിട്ടുള്ളൂ വെങ്കിലും കുടിവെള്ളം, ടോയ്‌ലറ്റ് നിർമ്മാണം മുതലായ പ്രോജക്ടുകൾ |

തുടരും. ........

| | |
|---|---|
| | എല്ലാ സർക്കാർ സ്കൂളുകളിലും നടപ്പിലാക്കിയശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എയിഡഡ് പ്രൈമറി സ്കൂളുകളിലും നടപ്പിലാക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br>• പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ ഒന്നാം വർഷ പദ്ധതി (2007-08) തയ്യാറാക്കി നിർവ്വഹണം നടത്തിയിട്ടുണ്ട്. രണ്ടാം വാർഷിക പദ്ധതിക്ക് അംഗീകാരം നേടുന്നതിന് ആഗസ്റ്റ് അഞ്ചാം തീയതിയും പഞ്ചവത്സര പദ്ധതിയ്ക്ക് അംഗീകാരം നേടുന്നതിന് സെപ്തംബർ 30-ാം തീയതിയുമാണ് നിശ്ചയിച്ചിട്ടുള്ളത്. പതിനൊന്നാം പദ്ധതിയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ രൂപം നൽകുന്നതോടെ, വിദ്യാഭ്യാസ പദ്ധതിയും തയ്യാറാവുന്നതാണ്.<br>• ഒന്നാം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വശിക്ഷാ അഭിയാൻ മാർഗ്ഗരേഖ പ്രകാരമുള്ള വിഹിതം നൽകുന്നതിനുള്ള പ്രോജക്ടുകളും സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകളും ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. രണ്ടാം വാർഷിക പദ്ധതിയുടെ ആദ്യഘട്ടമായി സർവ്വ ശിക്ഷാ അഭിയാൻ പരിപാടിയുമായി സംയോജിപ്പിച്ചുകൊണ്ടുള്ള പ്രോജക്ടുകളും തയ്യാറാക്കിയിട്ടുണ്ട്. |
| ബി) ലോകബാങ്ക്, യൂണിസെഫ് തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികൾ ഈ പദ്ധതിക്ക് സഹായം നൽകുന്നുണ്ടോ? | ബി) ഈ പദ്ധതികൾക്കുവേണ്ടി അന്താരാഷ്ട്ര ഏജൻസികൾ സംസ്ഥാന സർക്കാരിന് സഹായം നൽകുന്നില്ല. |

---

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.T 556 — 18.7.08-ൽ മറുപടിക്ക്

**കൊച്ചി നഗരത്തിലെ റോഡ് വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എം.ദിനേശ് മണി :<br>ശ്രീ.എം.എം.മോനായി :<br>ശ്രീ.എം.കെ.പുരുഷോത്തമൻ :<br>ശ്രീ.സാജുപോൾ :<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : | ശ്രീ.മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| എ) കൊച്ചി നഗരത്തിലെ ഗതാഗത ക്കുരുക്ക് പരിഹരിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടു ത്തുമോ ; | (എ) ഉണ്ട്. വിശദാംശം അനുബന്ധ മായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഇതു സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; | ബി) ഉണ്ട്. |
| സി) കൊച്ചി നഗരത്തിലെ തിരക്കേ റിയ റോഡുകൾ നാലുവരിയാക്കു ന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; | സി) ഇല്ല. |
| ഡി) പുതുതായി നിർമ്മിക്കുന്ന തീര ദേശ ഹൈവേയുടെ സാധ്യതാ പഠനം ആരംഭിച്ചിട്ടുണ്ടോ ; | ഡി) ഇല്ല. |
| ഇ) കൊച്ചി നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും റോഡ് വികസ നത്തിന് പ്രത്യേക പരിഗണന നൽകുമോ ? | ഇ) പരിഗണന നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കെ.എസ്.യു.ഡി.പി പദ്ധതിയിൻകീഴിലാണ് ആയത് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റോഡുകൾ ബലപ്പെടുത്തുന്നതിനും റോഡ് സുരക്ഷാ ക്രമീകരണത്തിനുമായി 16 റോഡുകളുടെയും 6 ജംഗ്ഷനുകളുടെയും ഒരു പാലത്തിന്റെയും വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

എ) റോഡുകൾ :-

1) കർഷക റോഡ്

2) സെന്റ് മാർട്ടിൻ റോഡും എൻ.എച്ച്.ബൈപ്പാസ് റോഡും പാലാരിവട്ടം ജംഗ്ഷനുമായി ബന്ധിപ്പിക്കുന്ന റോഡ്

3) ഹോസ്പിറ്റൽ റോഡ്

4) റോഡ് സുരക്ഷയുടെ ഭാഗമായി കർഷക റോഡ് വികസനം

5) പാലാരിവട്ടം-വൈറ്റില റോഡ്

6) ചിറ്റൂർ റോഡ്

7) പത്മാ ജംഗ്ഷനിൽ നിന്നും എം.ജി.റോഡും ചിറ്റൂർ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ്

8) ഗ്രൗണ്ട് ജംഗ്ഷനിൽ നിന്നും എം.ജി.റോഡും ചിറ്റൂർ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ്

9) കെ.എസ്.ആർ.ടി.സി ജംഗ്ഷനിൽ നിന്നും എം.ജി.റോഡും ചിറ്റൂർ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ്

10) ജോസ് ജംഗ്ഷനിൽ നിന്നും എം.ജി.റോഡും ചിറ്റൂർ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ്

11) തോപ്പുംപടി-പറവാന-ഫോർട്ട് കൊച്ചി റോഡ്

12) പറവാന മട്ടാഞ്ചേരി റോഡ്

13) ടി.ഡി റോഡ്

14) ചർച്ച് ലാന്റിംഗ് റോഡ്

15) ദർബാർ ഹാൾ റോഡ്

16) മുല്ലശ്ശേരി കനാൽ റോഡ്

ബി. ജംഗ്ഷനുകൾ

1) ജോസ് ജംഗ്ഷൻ

2) ഗ്രൗണ്ട് ജംഗ്ഷൻ

3) പത്മ ജംഗ്ഷൻ

4) കച്ചേരിപ്പടി ജംഗ്ഷൻ

5) പാർക്ക് അവന്യൂവിനോട് ചേർന്നുള്ള ഹോസ്പിററൽ ജംഗ്ഷൻ

6) കതൃക്കടവ് ജംഗ്ഷൻ

സി) പാലം

1) സഹോദരൻ അയ്യപ്പൻ റോഡിൽ കനാലിന് മുകളിലൂടെയുള്ള പാലം

ഇതുകൂടാതെ കൊച്ചി നഗരസഭയിലെയും സമീപപ്രദേശങ്ങളിലെയും മറ്റ് റോഡുകളും കലുങ്കുകളും പ്രധാനമന്ത്രിയുടെ നഗരവികസന പദ്ധതിയിൽ (ജെ.എൻ.എൻ.യു.ആർ.എം) ഉൾപ്പെടുത്തി നിർമ്മിക്കുന്നതിലേക്കായി പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി കേരള റോഡ് ഫണ്ട് (കെ.ആർ.എഫ്) കൊച്ചി നഗരസഭയെ ഏല്പിച്ചിട്ടുണ്ട്.

ഇതിലുപരിയായി താഴെ പറയുന്ന അഞ്ചു പ്രവൃത്തികൾ കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ക്കൊണ്ട് ഒരു പാക്കേജ് രൂപത്തിൽ എൻ.എച്ച്.ഡി.പി (ദേശീയപാത വികസന പദ്ധതി) ഫേയ്സ് VII-ൽ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിവെച്ചിട്ടുണ്ട്.

1. കൊച്ചി ബൈപ്പാസിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കുക
2. വൈറ്റില-പേട്ട റോഡ് നാലുവരിയാക്കുക
3. സീപോർട്ട്-എയർപോർട്ട് റോഡ് എയർപോർട്ട് വരെ നീട്ടുക
4. വൈപ്പിൻ-മൂത്തകുന്നം തീരദേശ ഹൈവേ നിർമ്മിക്കുക
5. എൻ.എച്ച് 47 എ നാലുവരിയാക്കുക

Talsf
Section Officer

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 557** 18-07-2008-ൽ മറുപടിക്ക്

**കോളേജുകളിലെ റാഗിംഗ്**

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്:<br>" കെ.കുട്ടി അഹമ്മദ് കുട്ടി: | ഉത്തരം<br>ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി |
|---|---|
| എ) കോളേജുകളിൽ നടക്കുന്ന റാഗിങ്ങിനെക്കുറിച്ചും ശിക്ഷാനടപടികളെകുറിച്ചും പ്രോസ്പെക്റ്റസിൽ ഉൾപ്പെടുത്തണമെന്ന് യു.ജി.സി. നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ നിർദ്ദേശങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. റാഗിംഗ് നടത്തുന്നവരെ സ്ഥാപനത്തിൽനിന്ന് പുറത്താക്കുമെന്ന കാര്യം പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തണമെന്ന സുപ്രീം കോടതിയുടെ നിർദ്ദേശം അനുസരിക്കാൻ യു.ജി.സി. എല്ലാ സർവ്വകലാശാലകളേയും അറിയിച്ചിരുന്നു. സർവ്വകലാശാലകളും കോളേജുകളും പൊതുജനങ്ങളുടെ അറിവിലേക്കായി സ്ഥാപനങ്ങളിൽ ഓരോ വർഷവും നടന്നിട്ടുള്ള സംഭവങ്ങളുടെ കണക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തേണ്ടതാണ്. അഡ്മിഷൻ പ്രോസ്പെക്ടസിൽ, റാഗിംഗ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ കുറ്റാരോപിതനായ വിദ്യാർത്ഥിയോട് വിശദീകരണം ആവശ്യപ്പെടുമെന്നും, വിശദീകരണം തൃപ്തികരമല്ലെങ്കിൽ സ്ഥാപനത്തിൽനിന്നും പുറത്താക്കുമെന്നും പ്രോസ്പെക്ടസിൽ സൂചിപ്പിക്കണമെന്ന് യു.ജി.സി നിർദ്ദേശിച്ചിരുന്നു. സ്ഥാപനങ്ങളിൽ റാഗിംഗ് നിരോധിക്കാനും റാഗിംഗ് സംഭവങ്ങൾ ഉണ്ടാകാതിരിക്കാനായി ആന്റി റാഗിംഗ് സ്ക്വാഡുകൾ രൂപീകരിക്കുക എന്നിവയാണ് യു.ജി.സിയുടെ നിർദ്ദേശങ്ങൾ |

| | |
|---|---|
| ബി)പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | ബി) കേരള/കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജുകളിലും സുപ്രീംകോടതി നൽകിയ വിധിയുടെ അടിസ്ഥാനത്തിൽ റാഗിങ്ങിനെതിരെ ശക്തമായ നടപടി കൈക്കൊള്ളാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. റാഗിങ്ങിനെ സംബന്ധിച്ച് ഒരു ചോദ്യാവലി എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും നൽകി അവ യഥാവിധി പൂരിപ്പിച്ച് യു.ജി.സിക്ക് നൽകാനുള്ള നിർദ്ദേശവും നൽകിയിരുന്നു.<br><br>എം.ജി.യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബന്ധപ്പെട്ട സർവകലാശാല ഡിപ്പാർട്ട്മെന്റുകൾക്കും അഫിലിയേറ്റഡ് കോളേജുകൾക്കും യു.ജി.സി.യുടേയും കേന്ദ്ര മാനവശേഷി വികസനമന്ത്രാലയത്തിന്റെ നിർദ്ദേശങ്ങളും കർശനമായി നടപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എം.ജി.സർവകലാശാല നേരിട്ട് നടത്തുന്ന വിവിധ സ്വാശ്രയ സ്ഥാപനങ്ങളിൽ യു.ജി.സി. നിർദ്ദേശമനുസരിച്ചുള്ള നടപടികൾ എടുത്തിട്ടുണ്ട്. വിവിധ തരത്തിലുള്ള ബോധവൽക്കരണ ക്ലാസുകളും നടത്തിയിട്ടുണ്ട്.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കീഴിലുള്ള പ്രാദേശിക കേന്ദ്രം ഡയറക്ടർമാർക്ക് ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കുസാറ്റിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള എല്ലാ സ്ഥാപനാധികാരികൾക്കും യു.ജി.സി.യുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനും ആയതിന്റെ വിശദാംശങ്ങൾ ശേഖരിച്ചുവരികയും ചെയ്യുന്നുണ്ട്. |
| സി) നിർദ്ദേശങ്ങൾ എന്നുമുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ? | സി) യു.ജി.സി.യിൽ നിന്ന് അറിയിപ്പ് ലഭിച്ചയുടൻ തന്നെ ആയത് നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ നൽകി കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ :558** **18.07.2008 ൽ മറുപടിക്ക്**

**'റിസർച്ച് അജണ്ട ഓൺ കേരള കയർ' ശില്പശാല**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം ആരിഫ്<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. സി.എം.ദിനേശ് മണി | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കയർ മേഖലയിലെ ഗവേഷണവികസന പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി ഈ രംഗത്ത് വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ടു "റിസർച്ച് അജണ്ട ഓൺ കേരള കയർ" എന്ന വിഷയത്തിൽ നടത്തിയ ശില്പശാലയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്തെ കയർ മേഖലയിലെ വികസനത്തിനാവശ്യമായ ഗവേഷണ പ്രവർത്തനങ്ങളുടെ ദിശ നിർണ്ണയിക്കുന്നതിനും, മുൻഗണനാക്രമം നിശ്ചയിക്കുന്നതിനും വേണ്ടി കയർമേഖലയിലെ കയററുമതിക്കാരെയും, വിദഗ്ദ്ധരെയും, സഹകരണ സംഘങ്ങളുടെ പ്രതിനിധികളേയും കയർ രംഗത്തെ ട്രേഡ് യൂണിയൻ പ്രതിനിധികളെയും തൊഴിലാളികളെയും പങ്കെടുപ്പിച്ചുകൊണ്ട് NCRMI 2007 സെപ്തംബർ മാസം 29-ാം തിയതി ആലപ്പുഴയിൽ വച്ച് "Research Agenda on Coir" എന്ന പേരിൽ ഒരു ഏകദിന ശിൽപശാല സംഘടിപ്പിച്ചിരുന്നു. ബഹു. സഹകരണവും, കയറും, ദേവസ്വവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രൊഫ. ആർ.വി.ജി.മേനോൻ ശിൽപശാല ഉത്ഘാടനം ചെയ്തു.<br>ശിൽപശാലയിൽ താഴെ പറയുന്ന വിദഗ്ദ്ധർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.<br>1)കയർവ്യവസായത്തിന്റെ ഇന്നത്തെ നിലയും വരുത്തേണ്ട മാറ്റങ്ങളും -ശ്രീ ആനത്തലവട്ടം ആനന്ദൻ എം.എൽ.എ.<br>2) Future of spinning and Weaving<br>-Shri.V.R.Prasad. Managing partner, Travancore Mats & Matting Co.Cherthala<br>3) Imperative for High Value Diversified Products and Technology Innovation for coconut Fibre and Coir.<br>-Dr.C.J. Thampi<br>4) Research and Development in Coir<br>-Dr.U.S.Sharma, Director, Central Coir Research Institute, Kalavoor.<br>5) Ayurvedic Coir -A new future for Coir and Coir Industry<br>-Dr.Ravi, Former sustainable Development consultant to Common |

| | |
|---|---|
| | wealth Secretariat, London.<br>6) Taming Husk -a Techno Commercial Analysis of Coir husk processing with a Socio Economic Perspective<br>- Dr.C.N.Manoj, pelican Biotech and Chemical Lab, Cherthala.<br>7) Coir Geotextiles-Possibilities and Research Needs<br>-Dr.K.R. Anil, Managing Director, Coirfed.<br>8) Promotion of sustainable Coir Extraction Process & Newer Application for Coir and Pith<br>-Dr.Manilal.Project Leader, R.R.L,TVPM |
| (ബി) ഇതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) സെമിനാറിന്റെ നിർദ്ദേശങ്ങളിൽ സർക്കാർ മുൻഗണനാക്രമം നിശ്ചയിച്ചു നൽകിയിട്ടുള്ള 10 എണ്ണം കയർ വികസനവകുപ്പും വകുപ്പുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങളും നടപ്പിലാക്കിവരുന്നു.<br>സങ്കര യാൺ (കയർ, ജൂട്ട്) ഉൽപ്പാദിപ്പിക്കുന്നതിനായി ഗവേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിനുവേണ്ടി കൽക്കട്ടയിലെ NIRJAFT നെ ചുമതലപ്പെടുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതും ആണ്. ഇതു സംബന്ധിച്ച തുടർ നടപടികൾ NCRMI -ൽ നടന്നുവരുന്നു.<br><br>മെച്ചപ്പെട്ട കയർപിരിയന്ത്രങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി NCRMI കണ്ടെത്തിയ പിരിയന്ത്രങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ 3 മേഖലകളിൽ സ്ഥാപിച്ച് പരിശീലനം നൽകുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഇതനുസരിച്ച് കയർപിരി യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ ക്ഷണിക്കുകയും കയർപിരിയന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സംഘങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.<br>Technical upgradation ന്റെ ഭാഗമായി കയർ ബോർഡ് നിർമ്മിച്ചിട്ടുള്ള അനുപം ലൂമിന്റെ technical know how കയർബോർഡ് നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ ലൂം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായികൾക്കു മുൻപാകെ പ്രസ്തുത ലൂമിന്റെ demonstration നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br>നവീന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനും വേണ്ടി കയർ സ്പിന്നിംഗ്, കയർ ജിയോടെക്സ്റ്റയിൽസ് നിർമ്മാണം, കയർ തടുക്കുകളുടെ നിർമ്മാണം എന്നിവയിൽ NCRMI യുടെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നു. |

| | |
|---|---|
| | കയർ ജിയോടെക്സ്റ്റയിൽസിന് BIS ന്റെ അംഗീകാരം നേടുന്നതിനുള്ള പരിപാടികൾ കയർബോർഡും BIS ഉം ചേർന്ന് നടത്തി വരികയാണ്. Standardization നടപടികൾ 6മാസത്തിനകം പൂർത്തിയാക്കാൻ കയർ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കയർ പിത്തിൽ നിന്നും കംപോസ്റ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ കയർ ഫെഡ് സ്വീകരിച്ചുവരുന്നു.<br><br>Handicraft ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും വിപുലീകരിക്കുന്നതിന്റെ ഭാഗമായി NCRMI വികസിപ്പിച്ചെടുത്ത 16 ഡിസൈനുകൾ ഉപയോഗിച്ച് കയറിൽ നിന്നും കരകൗശല ഉൽപ്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കയറുൽപ്പന്നങ്ങളുടെ പാക്കേജിനത്തിൽ വരുന്ന മാറ്റങ്ങൾ സംബന്ധിച്ച് I.I.P. Mumbai -യുടെ ആദ്യ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. അവ വിശകലനം ചെയ്തു വരികയാണ്. ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി കയർ ഷോപ്പികൾ ആരംഭിക്കുന്നതിൽ. ആദ്യത്തേത് കോഴിക്കോട് പണി തുടങ്ങിയിട്ടുണ്ട്. ആലപ്പുഴയിൽ ഉടൻതന്നെ പണി തുടങ്ങുന്നതാണ്. കയറുൽപ്പന്നങ്ങൾക്കായി വിതരണ ശൃംഖല ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ വഴി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ആലപ്പുഴയിലെ കയർ ഉത്പന്ന നിർമ്മാണ മേഖലയുടെ ആധുനികവത്ക്കരണത്തിന് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീമിൽ കേന്ദ്രസർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (സി)ആലപ്പുഴയിലെ കയർ ക്ലസ്റ്റർ വികസനത്തിനുവേണ്ടി ഇൻഡസ്ട്രിയിൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്രഗവൺമെന്റിന്റെ വാണിജ്യ [illegible] കോടി രൂപ [illegible] പദ്ധതി അംഗീകരിച്ചു നടപ്പാക്കി വരുന്നു. ഇതിൽ 42.6 കോടി രൂപ (75%) ഗ്രാന്റാണ്. ബാക്കിവരുന്ന തുക ഗുണഭോക്തൃ വിഹിതമായും സമാഹരിക്കേണ്ടതാണ്.<br><br>ടി പദ്ധതി നടപ്പിലാക്കുവാൻ വേണ്ടി ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്മെന്റ് സൊസൈറ്റി എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഇതിൽ ആലപ്പുഴ കയർ ക്ലസ്റ്ററിലെ വിവിധ |

| | |
|---|---|
| | വിഭാഗത്തിൽപെട്ട പങ്കാളികൾ, സംസ്ഥാന ഗവൺമെന്റ്, കയർ ബോർഡ്, ജില്ലാ ഭരണകൂടം, ലീഡ് ബാങ്ക് തുടങ്ങിയവ ഉൾപ്പെട്ടിട്ടുണ്ട്. നാളിതുവരെ 11.36 കോടി രൂപയുടെ പദ്ധതികൾ അംഗീകരിച്ചു നടപ്പാക്കിവരുന്നു. ഇതുവരെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ആദ്യ ഗഡുവിന്റെ 60% ചിലവാക്കി കഴിഞ്ഞു. പദ്ധതി നിർവഹണം വേഗത്തിലായതും കാര്യക്ഷമമായതും ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വീകരിച്ചിട്ടുള്ള നടപടികളുടെ അടിസ്ഥാനത്തിലാണ്.<br><br>സെക്ഷൻ ആഫീസർ |

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 559

18-07-2008- ൽ മറുപടിക്ക്

## ഏകദിന പരിശോധന കുറ്റമറ്റതാക്കാൻ നടപടി

**ചോദ്യം**

ശ്രീ. ബി.രാഘവൻ:
,, പി.പി.അബ്ദുള്ളക്കുട്ടി:
,, പി. കൃഷ്ണപ്രസാദ്:
,, വി.ജെ.തങ്കപ്പൻ:

**ഉത്തരം**

ശ്രീ. എം. എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)

എ) സ്കൂളുകളിൽ കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള ഏക ദിന പരിശോധന കുറ്റമറ്റതാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ:

എ) കുറ്റമറ്റ രീതിയിൽ ഏക ദിന പരിശോധന നടത്തുന്നതിന് എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും സർക്കുലറുകളിലൂടെ പൊതു വിദ്യാഭ്യാസ ഡയറക്ടർ വ്യക്തമായ നിർദ്ദേശം നല്കുകയുണ്ടായി. പരിശോധനയ്ക്ക് നിയോഗിക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബി) ഏകദിന പരിശോധനയ്ക്കുള്ള കമ്മിറ്റിയുടെ ഘടന വിശദമാക്കാമോ:

(ബി) ഏക ദിന പരിശോധനയ്ക്കായി പ്രത്യേക കമ്മിറ്റി നിലവിലില്ല.

സി) ഈ വർഷത്തെ ഏകദിന പരിശോധന പൂർത്തിയായിട്ടുണ്ടോ; എങ്കിൽ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) ഏകദിന പരിശോധന പൂർത്തിയായിട്ടുണ്ട്. വിവരങ്ങൾ ക്രോഡീകരിച്ചശേഷം മറുപടി നൽകുന്നതാണ്.

ഡി) നിലവിലുള്ള അധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്നും ഇതിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്നും വ്യക്തമാക്കുമോ?

( ഡി) നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:45 ആണ്. ഇതിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## <u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 560</u>

## <u>18.07.2008 - ൽ മറുപടിയ്ക്ക്</u>

## <u>കേന്ദ്ര സർക്കാരിന്റെ സഹകരണ പാക്കേജ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.അച്ചുതൻ :<br>ശ്രീ. സി.പി. മുഹമ്മദ്:<br>ശ്രീ. എൻ. ശക്തൻ :** | | **ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി)** | |
| (എ) | കേന്ദ്രസർക്കാരിന്റെ സഹകരണ പാക്കേജ് നടപ്പാക്കുന്നതിന് നബാർഡുമായി ധാരണാപത്രം സംസ്ഥാന സർക്കാർ ഒപ്പിട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാന സർക്കാർ ഒപ്പിട്ടിട്ടില്ല. |
| (ബി) | ഒപ്പിട്ടിട്ടില്ലെങ്കിൽ ഇതുമൂലം തിരിച്ചടയ്ക്കേണ്ടാത്ത സഹായധനമായി ലഭിക്കുന്ന എത്രകോടി രൂപയാണ് സംസ്ഥാനത്തിന് നഷ്ടപ്പെടുകയെന്ന് വെളിപ്പെടുമോ ; | (ബി) | 31.3.2004-ലെ ആഡിറ്റ് ചെയ്ത ബാക്കി പത്രത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് 667.15 കോടി രൂപയുടെ നഷ്ടം ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഇതിനായി പ്രത്യേകം ഏർപ്പെടുത്തുന്ന ഓഡിറ്റിനു ശേഷം പാക്കേജിലെ വ്യവസ്ഥകൾക്കനുസരിച്ച് മാത്രമേ ലഭ്യമാകുന്ന ധനസഹായത്തിന്റെ യഥാർത്ഥ കണക്ക് അറിയാൻ കഴിയുകയുള്ളൂ. ധാരണാപത്രത്തിൽ ഒപ്പിടാത്തതിനാൽ യഥാർത്ഥത്തിൽ ഉണ്ടാകാവുന്ന നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |
| (സി) | ഈ സഹായ പദ്ധതിയനുസരിച്ച് ബംഗാൾ അടക്കം 20 സംസ്ഥാനങ്ങൾ ആദ്യഗഡു വാങ്ങിക്കഴിഞ്ഞിട്ടും കേരളം ഈ പദ്ധതിയുമായി സഹകരിക്കാത്തതിന് കാരണമെന്തെന്നു പറയുമോ; | (സി) | സാധാരണക്കാരുടെയും സമൂഹത്തിലെ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെയും സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം മറ്റ് സേവന പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്തു നടത്തുന്ന കേരളത്തിലെ **പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സേവനം** ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെക്കാൾ വളരെ മെച്ചപ്പെട്ടതാണ്. എന്നാൽ, വൈദ്യനാഥൻ |

കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള സഹകരണപാക്കേജ് വഴിയുള്ള സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിയമപരവും സ്ഥാപനപരവുമായി മാറ്റം വരുത്തേണ്ട വ്യവസ്ഥകൾ മുഴുവൻ സംസ്ഥാനത്തിന് അംഗീകരിക്കാവുന്ന തല്ല. സഹകരണ പ്രസ്ഥാനം ഭരണ ഘടനാപ്രകാരം സംസ്ഥാന വിഷയ മാണ്. സംസ്ഥാനത്തിന്റെ പ്രസ്തുത അധികാരത്തിൽ നിന്നും വേർപ്പെടുത്തി റിസർവ്വ് ബാങ്ക് വഴി കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള ശ്രമമാണ് സഹകരണ പാക്കേജി ലൂടെ പ്രൊഫ. എ. വൈദ്യനാഥൻ നടത്തിയിട്ടുള്ളത്. അധികാര വികേന്ദ്രീ കരണത്തിന്റെ കാലത്ത് സഹകരണ മേഖലയിൽ അധികാര കേന്ദ്രികരണം നടത്തുന്നതിന് ഇത് ഇടയാക്കും. അതുകൊണ്ടു തന്നെ സഹകരണ വകുപ്പിനും സംസ്ഥാന സർക്കരിനും സഹകാരികൾക്കും ഇതിനോട് യോജിപ്പില്ല. സഹകരണ പ്രസ്ഥാന ത്തിന്റെ സ്വയം ഭരണാധികാരവും ജനാധിപത്യ സ്വഭാവവും സാമൂഹ്യ പ്രതിബദ്ധതയും ഇല്ലാതാക്കാനും സഹകരണ പ്രസ്ഥാനത്തിന്റെ പ്രയോജനം സമൂഹത്തിലെ സാധരണ ക്കാർക്കും മറ്റ് ദുർബ്ബല ജനവിഭാഗങ്ങൾക്കും നിഷേധിക്കുന്നതിനും ഇടയാക്കുന്നതാണ്. അംഗീകരിക്കാവുന്ന ശുപാർശകളേയും സംസ്ഥാനത്തിന്റെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്ന ശുപാർശകളേയും സംബന്ധിച്ച് വിശദമായ അഭിപ്രായം കേന്ദ്ര സർക്കാർ, റിസർവ്വ് ബാങ്ക്, നബാർഡ് എന്നിവരെ അറിയിച്ചിട്ടുണ്ട്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് മാറ്റങ്ങൾ വരുത്തി

യാൽ മാത്രമേ സഹകരണ പാക്കേജ് അംഗീകരിക്കാൻ കഴിയുകയുള്ളുവെന്ന് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

സഹകരണ കാർഷിക വായ്പാ മേഖലയുടെ മുഴുവൻ നഷ്ടവും നികത്തി തരുന്നതല്ല. വായ്പേതര ഇടപാടുമൂലമുണ്ടായ നഷ്ടം സംഘങ്ങൾ തന്നെ സഹിക്കണം. കൂടതെ സംസ്ഥാനത്തുള്ള വിവിധ പ്രാഥമിക സംഘങ്ങൾക്ക് ഗവൺമെന്റ് ധനസഹായമായി നൽകിയത് 34.62 കോടി രൂപയാണ്. ഇത് 25 ശതമാനത്തിൽ നിലനിർത്തി(8.66 കോടി രൂപ) ബാക്കി 25.96 കോടി രൂപ ഗവൺമെന്റിലേക്ക് മടക്കി അടയ്ക്കണം. അങ്ങനെ മടക്കി നൽകാൻ കഴിയാത്ത സംഘങ്ങൾക്ക് നബാർഡ് സോഫ്ട് ലോൺ നൽകുമെന്നും പറയുന്നു.

വായ്പാ വിതരണ പ്രവർത്തനങ്ങളോടൊപ്പം മറ്റ് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്ത് നടത്തുന്ന വായ്പാ സംഘങ്ങൾ അത്തരം ക്ഷേമ പ്രവർത്തനങ്ങളൊന്നും തന്നെ നടത്താൻ പാടില്ല ; സ്ഥാപനങ്ങളുടെ പേരിനൊപ്പം 'ബാങ്ക്' എന്ന പദം ഉപയോഗിക്കരുത് ; സംഘങ്ങൾക്ക് സർക്കാരിൽ നിന്നും സാമ്പത്തി സഹായം നൽകാൻ പാടില്ല ; ഇപ്പോൾ സഹായം നൽകിയത് 25 ശതമാനത്തിൽ പരിമിതപ്പെടുത്തണം ; സഹകരണ വകുപ്പിന്റെ അധികാരങ്ങളും ചുമതലകളും പരിമിതപ്പെടുത്തണം ; ഏത് സംഘത്തിനും മറ്റേത് സ്ഥാപനങ്ങളിലും ഇഷ്ടം പോലെ ഫണ്ടുകൾ നിക്ഷേപിക്കാനും വായ്പകൾ എടുക്കാനുമുള്ള അധികാരമുണ്ടായിരിക്കും ; ചീഫ് എക്സിക്യൂട്ടിവിന്റെ വിദ്യാഭ്യാസ യോഗ്യത നിർണ്ണയിക്കാനുള്ള അധികാരം റിസർവ്വ് ബാങ്കിനായിരിക്കും ; പേരിനൊപ്പം ബാങ്ക്

എന്ന പദം ഉപയോഗിക്കുക യാണെങ്കിൽ റിസർവ്വ് ബാങ്കിന്റെ

ലൈസൻസ് നിർബന്ധമായും ലഭ്യമാക്കിയിരിക്കണം ; അല്ലാത്ത സ്ഥാപനങ്ങൾ ' സംഘം' എന്ന പേരിൽ മാറ്റം വരുത്തി രജിസ്റ്റർ ചെയ്യണം ; സഹകരണ വായ്പാ സംഘങ്ങൾ ബാങ്കിംഗ് ഇടപാ ടുകൾ നടത്താൻ പാടില്ല എന്നു തുടങ്ങി സംസ്ഥാന ത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ നിലനിൽപ്പിന് വൻ ഭീഷണിയായ ധാരാളം വ്യവസ്ഥകൾ നടപ്പിൽ വരു ത്തുന്നതിന് വിധേയമായി മാത്രമാണ് സാമ്പത്തിക പാക്കേജ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. മേൽ പറഞ്ഞ വ്യവസ്ഥകൾ ഗവൺമെന്റ് നടപ്പിൽ വരുത്തുമെന്നും ആയതിനാവ ശ്യമായ രീതിയിൽ നിയമ വ്യവസ്ഥകളിൽ ഭേദഗതി വരുത്തുമെന്നും ഉറപ്പു വരുത്തി നബാർഡും കേന്ദ്ര ഗവൺ മെന്റുമായി ധാരണാപത്രത്തിൽ ഒപ്പിട്ടാൽ മാത്രമേ സാമ്പത്തിക സഹായത്തിന് അർഹത ലഭിക്കുക യുള്ളൂ. മേൽ പറഞ്ഞ വ്യവസ്ഥകൾ അതേപടി നടപ്പിലാക്കിയാൽ കേരളത്തിന് ലഭ്യമായേക്കാവുന്ന നാമമാത്രമായ ധനസഹായത്തിന്റെ പേരിൽ സഹകരണ പ്രസ്ഥാനത്തിന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാവു ന്നതാണ്. അതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് അംഗീകരിക്കാതിരുന്നതും ഇപ്പോൾ ഈ ഗവൺമെന്റ് സാമ്പത്തിക പാക്കേജ് അതേ പടി അംഗീകരിക്കാ ത്തതും. എന്നാൽ, കേരളത്തിലെ സഹകാരികളുമായി ചർച്ചകൾ നടത്തിയ തിന്റെ അടിസ്ഥാനത്തിൽ [illegible] സഹകരണ [illegible] നടപ്പിൽ

വരുത്താൻ തയ്യാറാണെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്ത് ഓരോ ജില്ലയിലേയും ഓരോ പ്രാഥമിക വായ്പാ സഹകരണ സംഘം/സർവ്വീസ് സഹകരണ ബാങ്ക് ഈ റിപ്പോർട്ടിലെ വ്യവസ്ഥകൾ പരീക്ഷണാടിസ്ഥാനത്തിൽ അതേപടി നടപ്പിലാക്കാൻ സ്വമേധയാ തയ്യാറാവുകയും അത് വിജയകരമാണെന്ന് കണ്ടാൽ എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കാനും സംസ്ഥാന ഗവൺമെന്റ് തയ്യാറാണെന്ന് കേന്ദ്ര ഗവൺമെന്റിനെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുകൂലമായ മറുപടി ഇപ്പോഴും പ്രതീക്ഷിക്കുകയാണ്. ആയതിനാൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ വ്യവസ്ഥകൾ അതേപടി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയാൽ അത് സഹകരണ പ്രജസ്ഥാനത്തിന്റെ ജനാധിപത്യ സ്വഭാവം ഹനിക്കുകയും അതിന്റെ ആരോഗ്യകരമായ നിലപനിൽപ്പിനു തന്നെ ഭീഷണിയാവുകയും പ്രസ്ഥാനത്തിന്റെ പ്രയോജനം മൊത്തത്തിൽ സമൂഹത്തിന് നിഷേധിക്കപ്പെടുകയും ചെയ്യുമെന്ന കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റിനെ പോലെ തന്നെ ഈ ഗവൺമെന്റും അഭിപ്രായമുള്ളതിനാൽ റിപ്പോർട്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനു മുമ്പ് അതിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയ ശേഷം മാത്രമേ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുള്ളൂ.

(ഡി) ഈ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ സഹകരണ സംഘങ്ങളുടെ മൂലധനവും കരുതൽ ധനവുമായി എന്തുതുക

(ഡി) സഹകരണ പാക്കേജ് നടപ്പാക്കുന്നതിനുള്ള ധാരണാ പത്രത്തിൽ ഒപ്പിട്ടാൽ, നബാർഡിന്റെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി

ലഭിക്കുമായിരിന്നുവെന്ന് വെളിപ്പെടുത്തുമോ ;

നിശ്ചയിക്കുന്നതു പ്രകാരം ഓഡിറ്റ് നടത്തിയ ശേഷമേ ലഭ്യമാകുന്ന തുകയുടെ വ്യക്തമായ കണക്കു ലഭിക്കുകയുള്ളൂ. കരുതൽ ധനമായി യാതൊരു സഹായവും ലഭ്യമല്ല.

(ഇ) സഹകരണ മേഖലയുടെ സമഗ്ര വികസനത്തിന് സഹായകരമാകുന്ന കേന്ദ്രസർക്കാരിന്റെ സഹകരണ പാക്കേജ് അടിയന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

(ഇ) സംസ്ഥാനത്തിന്റെ താൽപര്യത്തിനു വിരുദ്ധമായ വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ടും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുക്കൊണ്ടുള്ള മാറ്റങ്ങളും വരുത്തിയാൽ മാത്രമേ സഹകരണ പാക്കേജ് നടപ്പാക്കാൻ സാധിക്കുകയുള്ളൂ. അതിനായി കേന്ദ്ര സർക്കാർ, റിസർവ്വ് ബാങ്ക്, നബാർഡ് എന്നിവരുമായി ആശയവിനിമയം നടത്തി വരികയാണ്.

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 561** — **18-07-2008-ൽ മറുപടിക്ക്**

## സ്വയംഭരണ പദവിയുള്ള കോളേജുകൾ

**ചോദ്യം**

ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി

" പി.കെ.അബ്ദുറബ്ബ്

**ഉത്തരം**

ശ്രീ.എം.എ.ബേബി

വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി

| | |
|---|---|
| എ) സംസ്ഥാനത്ത് സ്വയംഭരണ പദവിയുള്ള കോളേജുകൾ പ്രവർത്തിക്കുന്നുണ്ടോ; | എ) ഇല്ല. |
| ബി) സംസ്ഥാനത്തെ എത്ര കോളേജുകൾ സ്വയംഭരണ പദവി ലഭിക്കുന്നതിനുവേണ്ടി അപേക്ഷിച്ചിരുന്നുവെന്നും അവ ഏതെന്നും വ്യക്തമാക്കുമോ; | ബി) രണ്ട്;<br>1. സെന്റ് ആൽബർട്ട്സ് കോളേജ്, എറണാകുളം,<br>2. സെന്റ് തെരേസാസ് കോളേജ്, എറണാകുളം<br>എന്നീ കോളേജുകൾ സ്വയംഭരണപദവിക്കായി യു.ജി.സി.ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. |
| സി) ഇതിനുള്ള അനുവാദം യു.ജി.സി.യിൽനിന്നും ലഭിക്കുന്നതിനുവേണ്ടി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | സി)യും ഡി)യും<br>പ്രസ്തുത കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നത് സംബന്ധിച്ച് യു.ജി.സി. ഒരു സ്ക്രീനിംഗ് കമ്മിറ്റി മീറ്റിംഗ് നടത്തിയിരുന്നു. കേരളത്തിലെ സാഹചര്യം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായതിനാൽ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകരുതെന്നതാണ് സർക്കാർ നിലപാട് എന്ന് യു.ജി.സി.യെ അറിയിച്ചിട്ടുണ്ട്. |
| ഡി) മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ സഹായിക്കുന്ന യു.ജി.സി.യുടെ സ്വയംഭരണ പദവി നേടിയെടുക്കുവാൻ സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *562 — 18.7.2008 ൽ മറുപടിക്ക്

## പാലങ്ങൾ നിർമ്മിക്കുന്നതിന് നബാർഡിന്റെ സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ലതിക :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീ. വി. ശശികുമാർ :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. മോൻസ് ജോസഫ്<br>(ബഹു. മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാലങ്ങൾ നിർമ്മിക്കുന്നതിന് നബാർഡിന്റെ സഹായം ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് 87 പാലങ്ങളുടെ നിർമ്മാണത്തിനായി നബാർഡിന്റെ ധനസഹായം തേടുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ 264.94 കോടി രൂപ അടങ്കൽ ചെലവ് വരുന്ന 50 പാലങ്ങളുടെ പ്രോജക്ട് റിപ്പോർട്ട് നബാർഡിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) നബാർഡിന്റെ സഹായത്തോടെ ഇപ്പോൾ എത്ര പാലങ്ങളുടെ നിർമ്മാണം നടന്നുവരുന്നു ; | (ബി) 63 പാലങ്ങളുടെ പണി നടന്നുവരുന്നു ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) പാലം നിർമ്മിക്കുന്നതിന് ആകെ എത്ര കോടി രൂപ നബാർഡ് അനുവദിച്ചിട്ടുണ്ട് ; | (സി) 684.0949 കോടി രൂപയുടെ പദ്ധതികൾക്ക് നബാർഡ് അനുമതി നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു |
| (ഡി) നബാർഡ് സഹായമുള്ള പണികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഈ സാമ്പത്തികവർഷം നബാർഡ് പണികൾക്കായി (റോഡുകൾക്കും പാലങ്ങൾക്കും കൂടി) 150 കോടി രൂപയാണ് പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തിയാക്കാൻ കൂടുതൽ തുക ആവശ്യമാണെന്ന് കണ്ടാൽ അത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.563 — 18-7-2008 - ൽ മറുപടിയ്ക്ക്

## സാങ്കേതിക വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്ര പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.ദിവാകരൻ എം.എൽ.എ<br>ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ.<br>ശ്രീ. എ. പ്രദീപ് കുമാർ എം.എൽ.എ<br>ശ്രീ. പി.ടി.എ. റഹീം എം.എൽ.എ<br>ശ്രീ. സി.കെ. സദാശിവൻ എം.എൽ.എ | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) ലോകബാങ്ക് സഹായത്തോടെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) കേന്ദ്രഗവൺമെന്റിന്റെ 'ടെക്നിക്കൽ എഡ്യുക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം' (TEQIP) സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ്. ലോകബാങ്കിന്റെ ഇന്റർനാഷണൽ ഡവലപ്പ്മെന്റ് ഏജൻസിയാണ് ഈ പദ്ധതിക്കാവശ്യമായ തുക വായ്പ നൽകുന്നത്. സംസ്ഥാനങ്ങൾക്കുള്ള "അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്" ന്റെ അതേ വ്യവസ്ഥകളോടെ പദ്ധതിയിൽ ലഭ്യമാകുന്ന തുകയുടെ 70% കേന്ദ്രസർക്കാരിന് 20 വർഷമായി തിരിച്ചടയ്ക്കേണം. ഈ പദ്ധതിൽ ഉൾപ്പെടുത്തിയിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകൾ ചെലവാക്കുന്ന തുകയുടെ 30% ലോകബാങ്ക് മടക്കി തരുന്നതാണ്. ഓരോ വർഷവും ആവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും സ്ഥാപനങ്ങൾക്ക് മുൻകൂട്ടി നൽകുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | കേരളത്തിലെ ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | 1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.<br>2. എസ്.സി.റ്റി. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.<br>3. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചെങ്ങന്നൂർ.<br>4. മോഡൽ എഞ്ചിനീയറിംഗ് കോളേജ്, കൊച്ചി.<br>5. എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർകോഡ്. |
| (സി) | ഈ പദ്ധതി അനുസരിച്ച് ഈ കോളേജുകളിൽ നടപ്പാക്കിയ പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ്; | (സി) | നാലു പ്രധാന പദ്ധതികൾക്കാണ് ഈ ഫണ്ട് ചെലവാക്കുന്നത്.<br>1. അക്കാഡമിക് എക്സലൻസ്<br>2. നെറ്റ്വർക്കിംഗ്.<br>3. സർവീസസ് ടു കമ്യൂണിറ്റി<br>4. മാനേജ്മെന്റ് കപ്പാസിറ്റി ഡവലപ്പ്മെന്റ് |
| (ഡി) | പദ്ധതിക്കായി ഇതിനകം എന്തു തുക വായ്പയായും ഗ്രാന്റായും ലഭിച്ചു എന്ന് അറിയിക്കാമോ? | (ഡി) | ഈ പദ്ധതിക്കുവേണ്ടി ആകെ 5076.71 ലക്ഷം രൂപ 31/5/08 വരെ ചെലവാക്കിയിട്ടുണ്ട്. ഇതിൽ 3866.4 ലക്ഷം രൂപ നാളിതുവരെ റീഇംബേഴ്സ് ചെയ്തിട്ടുണ്ട്. ഇതിന്റെ 70% ആയ 2720.48 ലക്ഷം രൂപ ലോണായും 30% ആയ 1159.92 ലക്ഷം രൂപ ഗ്രാന്റായും കണക്കാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 564

## 18.07.2008 - ൽ മറുപടിക്ക്

## <u>സഹകരണ ബാങ്കുകളിലെ പലിശ നിരക്ക്</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സഹകരണ ബാങ്കുകളിലും മറ്റ് സഹകരണ സൊസൈറ്റികളിലും വായ്പ എടുക്കുന്നവർക്ക് നിലവിൽ നാഷണലൈസ്ഡ് ബാങ്കുകൾ ഈടാക്കുന്ന പലിശനിരക്കിനെക്കാൾ കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സംസ്ഥാനത്ത് സഹകരണ മേഖലയിൽ വായ്പകൾക്ക് നിലവിലുള്ള പലിശ നിരക്ക് മറ്റ് വാണിജ്യ/ദേശസാൽകൃത . ബാങ്കുകളുടെ പലിശ നിരക്കിനേക്കാൾ കുറവാണ്. സഹകരണ മേഖലയുടെ നിക്ഷേപ വായ്പാ പലിശ നിരക്കുകൾ സെൻട്രൽ ബാങ്ക് കോൺഫറൻസിലാണ് തീരുമാനിക്കുന്നത്. ഏറ്റവും അവസാനം 06.06.2008 ൽ സഹകരണ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ സംസ്ഥാനത്ത് സഹകരണ മേഖലയിൽ വായ്പകൾക്ക് നിലവിലുണ്ടായിരുന്ന പലിശ നിരക്കും, മറ്റ് വാണിജ്യ/ദേശസാൽകൃത ബാങ്കുകളിൽ വായ്പകൾക്ക് ഈടാക്കിയിരുന്ന പലിശനിരക്കും അവലോകനം നടത്തുകയും വിശദമായി ചർച്ച ചെയ്ത് സംസ്ഥാനത്ത് സഹകരണമേഖലയിൽ വിവിധയിനം വായ്പകൾക്ക് ഈടാക്കേണ്ട പലിശ നിരക്ക് പുതുക്കി നിശ്ചയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ദേശസാൽകൃത ബാങ്കുകളിൽ നിലവിലുള്ള പലിശ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് പലിശ നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) സഹകരണ മേഖലയിലെ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലോൺ എടുക്കുന്നവർക്ക് ആ ലോൺ എടുത്തതു മുതൽ ക്ലോസ് ചെയ്യുന്നതു വരെ ഏതിനത്തിലായാലും പലിശ അതിന്റെ പ്രിൻസിപ്പൽ തുകയെക്കാളും കൂടുതലാകാൻപാടില്ല എന്ന് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) മുൻ ചോദ്യങ്ങളുടെ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല. |

Rajendran

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 565      18..7..08 ൽ മറുപടിക്ക്.

### അറബിക് സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ:<br>ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് : | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക<br>കാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അറബിക് സർവ്വകലാശാല അനുവദിക്കുന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) അറബി ഭാഷയുമായി ബന്ധപ്പെട്ട് ധാരാളം തൊഴിൽ സാദ്ധ്യതകൾ രാജ്യത്തിനകത്തും വിദേശത്തും ഉള്ളത് കണക്കിലെടുത്ത് അറബിക് സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ; | (ബി) & (സി) അറബിക് സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. എന്നാൽ കോഴിക്കോട് സർവ്വകലാശാലയിൽ അറബിക് പഠനത്തിന് വേണ്ടി ഒരു സെന്റർ സ്ഥാപിക്കണമെന്ന ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: **566** — 18.07.2008 -ൽ മറുപടിക്ക്

### എൻ.സി.സി.യുടെ പരിശീലന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീ.എം.ജെ.ജേക്കബ് | ശ്രീ.എം.എ. ബേബി<br>( ബഹു. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി ) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും നടന്നുവരുന്ന എൻ.സി.സിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം അറിയിക്കുമോ ; | (എ) | സംസ്ഥാനത്ത് 5 ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സും, 39 ബറ്റാലിയനും 783 സ്കൂളുകളിലും കോളേജുകളിലുമായി എൻ.സി.സി.പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് 75000 എൻ.സി.സി. കേഡറ്റുകൾ ഉണ്ട്. (വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. ) |
| (ബി) | എൻ.സി.സി.യുടെ പരിശീലന പരിപാടിയിൽ പരിഷ്ക്കരണം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) | എൻ.സി.സി.യുടെ പരിശീലന കാലയളവ് സീനിയർ ഡിവിഷൻ കേഡറ്റുകൾക്ക് മൂന്നു വർഷകാലമായിരുന്നത് കഴിഞ്ഞവർഷം മുതൽ രണ്ടു വർഷമായി ചുരുക്കിയിട്ടുണ്ട്. കൂടുതൽ കേഡറ്റുകൾക്ക് എൻ.സി.സി.യിൽ ചേരുവാനും, 'സി ' സർട്ടിഫിക്കറ്റ് എഴുതുന്നതിനുള്ള അവസരവും 2 വർഷം കൊണ്ട് ലഭിക്കുവാനും ഇത് സഹായിക്കും. എൻ.സി.സി. കേഡറ്റുകൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു ശേഷം ഉന്നത പഠനത്തിനും, ജോലിക്കും വേണ്ടിയുള്ള പ്രത്യേക ബോധവൽക്കരണം നൽകുന്നതിനു വേണ്ടി കഴിഞ്ഞവർഷം മുതൽ കരിയർ കൗൺസലിംഗ് എൻ.സി.സി.യുടെ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | മികച്ച കേഡറ്റുകൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ സംവരണം അനുവദിച്ചിട്ടുണ്ടോ : | (സി) | ഉണ്ട്. |
| (ഡി) | കഴിഞ്ഞ വർഷം ഓരോ കോഴ്സിനും എത്ര പേർക്ക് വീതം എൻ.സി.സി. ക്വാട്ടയിൽ പ്രവേശനം ലഭിച്ചു : | (ഡി) | മെഡിക്കൽ വിഭാഗത്തിന് - 08<br>എഞ്ചിനീയറിംഗ് - 30<br>പോളിടെക്നിക് (വനിത പോളിടെക്നിക് ഉൾപ്പെടെ) - 30<br>ആകെ 68 കേഡറ്റുകൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് എൻ.സി.സി.ക്വാട്ടയിൽ കഴിഞ്ഞ വർഷം പ്രവേശനം ലഭിച്ചു. |
| (ഇ) | എൻ.സി.സി. ഏറ്റെടുത്തിട്ടുള്ള സാമൂഹ്യപ്രവർത്തനങ്ങൾ എന്തെല്ലാമാണ് ? | (ഇ) | (i) 2319 എൻ.സി.സി. കേഡറ്റുകൾ രക്തദാനം ചെയ്തു.<br>(ii) 4075 കേഡറ്റുകൾ എയ്ഡ്സ് ബോധവൽക്കരണം പരിപാടിയിൽ പങ്കെടുത്തു.<br>(iii) 5430 കേഡറ്റുകൾ പൾസ് പോളിയോ ബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്തു.<br>(iv) 3700 കേഡറ്റുകൾ ട്രാഫിക് വാരാഘോഷ പരിപാടിയിലും, സെമിനാറിലും പങ്കെടുത്തു.<br>(v) പരിസ്ഥിതി ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി കേഡറ്റുകൾ 8058 വൃക്ഷതൈ നട്ടു.<br>(vi) എൻ.സി.സി.കേഡറ്റുകളും, ആഫീസർമാരും അതാത് ജില്ലകളിലെ അനാഥാലയങ്ങളും വൃദ്ധസദനങ്ങളും സന്ദർശിക്കുകയും അവർക്കു വേണ്ട പ്രോത്സാഹനവും, സഹായവും നിരന്തരമായി ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം-1</u>

(എ) രാജ്യത്തെ യുവാക്കൾക്കിടയിൽ സ്വഭാവ രൂപീകരണം, അതിൽ സഹകരണം, അച്ചടക്കം. നേതൃത്വം, മതനിരപേക്ഷമായ വീക്ഷണം, വീരസാഹസിക പ്രവൃത്തിയിൽ പ്രസരിപ്പ്, നിസ്വാർത്ഥ സേവനത്തിന്റെ ആഗ്രഹത്തെ വികസിപ്പിക്കുക.

(ബി) ജീവിതത്തിന്റെ എല്ലാ മേഖലകളിലും നേതൃത്വം പ്രധാനം ചെയ്യുക, രാജ്യസേവനത്തിനുവേണ്ടി എല്ലായ്പ്പോഴും തത്പരരായിരിക്കുന്ന പരിശീലനം സിദ്ധിച്ചതും, ഉത്സാഹികളുമായ യുവാക്കളിൽ സംഘടിതമായ പ്രാഗത്ഭ്യമുള്ള യുവാക്കളെ വാർത്തെടുക്കുക.

(സി) സായുധസേനയിൽ ജോലി നോക്കുന്നതിലേയ്ക്ക് യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി അനുകൂലമായ പരിതസ്ഥിതി ഉണ്ടാക്കി എടുക്കുക.

സംസ്ഥാനത്തെ എൻ.സി.സി.യുടെ പരിശീലനത്തിന്റെ മുഖ്യലക്ഷ്യങ്ങൾ കേഡറ്റുകൾക്ക് നേടി കൊടുക്കുന്നതിനായി എൻ.സി.സി.യുടെ പരിശീലനം താഴെ പറയുന്ന വിധം ക്രമീകരിച്ചിരിക്കുന്നു.

സീനിയർ വിഭാഗം കേഡറ്റുകൾക്ക് ഒരു വർഷം 120 ഉം ജൂനിയർ കേഡറ്റുകൾക്ക് വർഷം 150 പിരിയഡ് വീതം സ്ഥാപനാധിഷ്ഠിത പരിശീലനത്തിനായി (സ്കൂൾ, കോളേജ് പരേഡ് ) മാറ്റി വച്ചിരിക്കുന്നു. ഈ ട്രെയിനിംഗിൽ ഡയറക്ടർ ജനറൽ എൻ.സി.സി. പുറപ്പെടുവിച്ചിട്ടുള്ള സിലബസ് അനുസരിച്ച് ട്രെയിനിംഗ് സ്കൂളുകളിലും, കോളേജുകളിലും നൽകി വരുന്നു.

വിശേഷപാഠങ്ങൾ, സാമൂഹിക ജീവിതത്തെപ്പറ്റിയുള്ള പരിശീലനം, അച്ചടക്കം. കായിക പരിശീലനം, ക്യാമ്പിൽ നൽകി വരുന്നു. ക്യാമ്പുകൾ ദേശീയതലത്തിലും സംസ്ഥാന തലത്തിലും നടത്തി വരുന്നു. ഒരു വർഷം ഏകദേശം 40,000 കേഡറ്റുകൾ [illegible] 2000 കേഡറ്റുകൾ [illegible] ക്യാമ്പുകളിലും [illegible]

[illegible]

കേഡറ്റുകളിൽ സാഹസിക അഭിരുചി വളർത്തുന്നതിനായി എൻ.സി.സി.യിൽ സാഹസിക പരിശീലനം ക്യാമ്പുകൾ നടത്തുന്നു. ഇതിൽ പർവ്വതാരോഹണം, ആൾ ഇന്ത്യാ ട്രെക്കിംഗ്, റോക്ക് ക്ലൈംബിംഗ്, റാഫ്റ്റിംഗ്, സെയിലിംഗ്, ജലയാത്രാ പരിശീലനം, ബോട്ട് പുള്ളിംഗ്, സ്കൂബാ ഡ്രൈവിംഗ്, ചെറുവിമാനങ്ങൾ പറപ്പിക്കൽ തുടങ്ങിയ പരിശീലനം നൽകി വരുന്നു.

യുവാക്കളിൽ സാമൂഹ്യ സേവനത്തിന്റെ മഹത്വം വളർത്തിയെടുക്കുവാനും, അവരെ രാജ്യത്തിന്റെ വളർച്ചയുടെ ഭാഗമാക്കുന്നതിനും വേണ്ടി എൻ.സി.സി. വിവിധതരം സാമൂഹ്യസേവന പരിപാടികൾ ഏറ്റെടുത്ത് നടത്തി വരുന്നു. രക്തദാനം, വൃക്ഷത്തൈ നടൽ, എയ്ഡ്സ് ബോധവൽക്കരണ പരിപാടി., ട്രാഫിക് ബോധവൽക്കരണ പരിപാടി, പരിസ്ഥിതി ശുചീകരണ പരിപാടി, പ്രകൃതി ദുരന്തദുരിതാശ്വാസ പരിപാടി, വൃദ്ധസദനവും , അനാഥാലയങ്ങളും സന്ദർശിക്കുകയും സഹായം ചെയ്യുകയും ചെയ്യുന്നു.

സ്കൂളുകളിലും കോളേജുകളിലും ഇത്തരം പ്രവർത്തനങ്ങൾ എൻ.സി.സി. നടപ്പിലാക്കി വരുന്നു .

Section Officer

# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 567 — 18.7.2008 ൽ മറുപടിക്ക്

## പരിയാരം മെഡിക്കൽ കോളേജിന്റെ പ്രവർത്തനം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ:<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ:<br>ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. പി. ജയരാജൻ:<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു: | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി) |

എ) പരിയാരം സഹകരണാശുപത്രിയുടെയും മെഡിക്കൽ കോളേജിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

എ) വ്യക്തമാക്കാം.
സി.ടി. സ്കാൻ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ രോഗികൾക്ക് ഏറ്റവും ആധുനികമായ ചികിത്സകൾ നൽകുന്നതിന് വേണ്ടി നടപടികൾ പൂർത്തിയായിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഗ്യാസ്ട്രോ എന്ററോളജി, യൂറോളജി, ന്യൂറോ സർജറി എന്നീ വിഭാഗങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം 24 മണിക്കൂറും പ്രവർത്തിക്കുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ കാഷ്വാലിറ്റിയും, ട്രോമാ കെയർ സെന്ററും പരിയാരത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിൽ എല്ലാ വിഷയങ്ങളിലും പി.ജി. കോഴ്സുകൾ തുടങ്ങാനുള്ള പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. കൂടാതെ 8 പാരാമെഡിക്കൽ കോഴ്സുകൾ ഈ വർഷം തന്നെ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ബി) പരിയാരം മെഡിക്കൽ കോളേജിൽ മെഡിക്കൽ വിദ്യാഭ്യാസത്തിന് എത്ര സീറ്റാണ് അനുവദിച്ചിട്ടുള്ളത്;

(ബി)

| | |
|---|---|
| എം.ബി.ബി.എസ് | 100 |
| ബി.ഡി.എസ് | 60 |
| ബി.എസ് സി. നഴ്സിംഗ് | 50 |
| ബി.ഫാം | 40 |
| ആകെ | 250 |

സി) ഇവിടെ സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള ഫീസ് തന്നെ

(സി) 50% സീറ്റിൽ സർക്കാർ മെഡിക്കൽ കോളേജിനു തുല്യമായ ഫീസും, 35% സീറ്റിൽ സർ

| | | | |
|---|---|---|---|
| | താരണാ വാങ്ങുന്നത്; | | സർക്കാർ നിശ്ചയിച്ച മാനേജ്മെന്റ് ഫീസും, 15% സീറ്റിൽ സർക്കാർ നിശ്ചയിച്ച എൻ.ആർ.ഐ. ഫീസുമാണ് വാങ്ങുന്നത്. |
| ഡി) | പുതുതായി ഏതെങ്കിലും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ഉദ്ദേശിക്കുന്നുണ്ട്. പുതുതായി സഹകരണ ഹൃദയാലയത്തിന്റെ മാതൃകയിൽ നെഫ്രോളജി ഇൻസ്റ്റിറ്റ്യൂട്ടും, ന്യൂറോ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടും ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

Rajendran

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭ ചോദ്യം നമ്പർ : * 568

18.07.2008-ൽ
മറുപടിയ്ക്ക്

"ശബരിമലയിൽ ബാങ്കുകൾ വഴി പ്രസാദ കൗണ്ടറുകൾ"

ചോദ്യം

ശ്രീ. കെ. .ബാബു:
ശ്രീ. ജി. കാർത്തികേയൻ:

ഉത്തരം

ശ്രീ.ജി.സുധാകരൻ
ബഹുമാനപ്പെട്ട സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി.

(എ) വരുന്ന തീർത്ഥാടന കാലത്ത് ശബരി മലയിൽ ബാങ്കുകൾ വഴി പ്രസാദ കൗണ്ടറുകൾ ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(എ) & (ബി) ഉണ്ട്. ഈ വർഷം ശബരിമലയിലും പമ്പയിലുമുള്ള ധനലക്ഷ്മി ബാങ്കിന്റെ കൗണ്ടറുകൾ വഴി അപ്പം, അരവണ, മോദകം, അവൽ തുടങ്ങിയ പ്രസാദങ്ങൾ വിതരണം ചെയ്യാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉദ്ദേശിക്കുന്നതായും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(സി) ആധുനിക സജ്ജീകരണങ്ങളോടുകൂടി പുതിയ അരവണ നിർമ്മാണ പ്ലാന്റ് സന്നിധാനത്ത് ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) ദേവസ്വം ബോർഡിന്റെ പരിഗണനയിലുണ്ട് എന്ന് അറിയിച്ചിരിക്കുന്നു.

| | |
|---|---|
| (ഡി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) പത്തു് കോടി രൂപയുടെ പ്രസാദം കോംപ്ലക്സ് സ്ഥാപിക്കുന്നതിന് ഉടൻ ബോർഡ് ടെണ്ടർ ക്ഷണിക്കുന്നതാണെന്നും അതിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ പുതിയ അരവണ നിർമ്മാണ പ്ലാന്റും ഉൾപ്പെട്ടിട്ടുണ്ടെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. പുതിയ അരവണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി ബോർഡ് സ്വീകരിച്ചുവരുന്നതായും ഇപ്പോൾ നിലവിലുള്ള അരവണ പ്ലാന്റ് കാര്യക്ഷമതയോടെ പ്രവർത്തിപ്പിച്ച് ഭക്തജനങ്ങൾക്ക് ആവശ്യാനുസരണം അരവണ പ്രസാദം വിതരണം ചെയ്യുവാനാണുദ്ദേശിക്കുന്നത് എന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. |

Sathian

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 569 — 18-07-2008-ൽ മറുപടിക്ക്

## ക്യാമ്പസ് സെലക്ഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം.പാലിശ്ശേരി<br>" വി.ശശികുമാർ<br>" രാജു എബ്രഹാം<br>" മഞ്ഞളാംകുഴി അലി<br>" പി.പി.അബ്ദുള്ളക്കുട്ടി | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി |

| | |
|---|---|
| എ) തൊഴിൽദായകർ ക്യാമ്പസുകളിൽ വന്ന് മികച്ച വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്ന സമ്പ്രദായം പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | എ) തൊഴിൽദായകർ ക്യാംപസ്സുകളിൽ വന്ന് മികച്ച വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്ന സമ്പ്രദായം ഇപ്പോൾ നിലവിലുണ്ട്. ഇത് വ്യാപകമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |
| ബി) ക്യാമ്പസ് ഇന്റർവ്യൂകളിൽ പങ്കെടുക്കുന്നതിന് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ കുട്ടികളെ പ്രാപ്തരാക്കുന്നതിന് റഗുലർ സ്ട്രീമിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേകമായി തൊഴിലധിഷ്ഠിത പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ക്യാംപസ്സ് ഇന്റർവ്യൂകളിൽ പങ്കെടുക്കുന്നതിന് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ കുട്ടികളെ പ്രാപ്തരാക്കുന്നതിന് റഗുലർ സ്ട്രീമിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ബ്യൂറോ മുഖാന്തരം പരിശീലനം നൽകുന്നുണ്ട്. ഇതിനായി മിക്ക ആർട്സ് ആന്റ് സയൻസ് കോളേജുകളിലും അദ്ധ്യാപകരുടെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് ബ്യൂറോ പ്രവർത്തിക്കുന്നുണ്ട്. |
| സി) ഇത്തരം പരിശീലനം നൽകുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി) ഇത്തരം പരിശീലനം നൽകുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിന് അവർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 570 — 18-7-2008 ൽ മറുപടിക്ക്

ഭവന നിർമ്മാണ ബോർഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ. എ.കെ. ചന്ദ്രൻ :<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. ബാബു പോൾ :<br>ശ്രീ. രാജാജി മാത്യു തോമസ് : | ശ്രീ. ബിനോയ് വിശ്വം<br>ബഹു. വനവും ഭവന നിർമ്മാണവും<br>വകുപ്പു മന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന ഭവന നിമ്മാണ ബോർഡിൽ നിന്നും വായ്പ എടുത്തവർക്കുവേണ്ടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എത്ര തവണ നടപ്പിലാക്കി ; ഇതിൻെറ പ്രയോജനം എത്ര പേർക്കു ലഭിച്ചു; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 6 തവണ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. ഇതിൻെറ പ്രയോജനം 18021 ഗുണഭോക്താക്കൾക്ക് ലഭിച്ചു. |
| (ബി) ഈ പദ്ധതി ദീർഘിപ്പിക്കുന്നതി നുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി യുടെ കാലാവധി 31-3-08 ൽ അവസാനിച്ചിരിക്കുക യാണ്. ടി പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് |

Santhakumary
സെക്ഷൻ ഓഫീസർ